# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 27, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--374]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 986 മുതൽ 1096 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1097 മുതൽ 1196 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1197 മുതൽ 1261 വരെ |
| കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1262 മുതൽ 1312 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 1313 മുതൽ 1359 വരെ |

## കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിനുള്ള സ്ഥലം പരിവർത്തനം

986 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം വിട്ടുനൽകിയെങ്കിലും കെട്ടിട നിർമ്മാണത്തിന് ഭൂമി പരിവർത്തനം നടത്തുന്നതിന് വേണ്ടിയുള്ള ഫയൽ കൃഷി വകുപ്പിൽ കഴിഞ്ഞ മൂന്ന് വർഷമായി തീരുമാനമാകാതെ കിടക്കുന്നതിനാൽ കേന്ദ്രീയ വിദ്യാലയം കേരളത്തിന് നഷ്ടപ്പെടുന്ന സ്ഥിതി വിശേഷമാണുള്ളത് എന്നതിനാൽ പ്രസ്തുത ഫയലിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ;

(ബി) അഗ്രി എൻ.സി.എ. സെക്ഷനിൽ മാസങ്ങളായി സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി വിളിച്ചുകൂട്ടാത്തതു കാരണം സംസ്ഥാനത്തെ ഒരു കേന്ദ്രീയ വിദ്യാലയം നഷ്ടപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നും അടിയന്തര പരിഹാരം കണ്ടെത്തുമോ;

(സി) ഇതു സംബന്ധിച്ച് ബഹു. കൃഷി വകുപ്പുമന്ത്രിക്ക് ഫയൽ നമ്പർ NCA 2/67/2019 ൽ അടിയന്തര തീരുമാനം കൈക്കൊള്ളണമെന്ന് കാണിച്ച് 9/6/2021 ൽ നൽകിയ കത്തിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

## പമ്പിംഗ് സബ്സിഡി

987 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിലെ വെള്ളം വറ്റിക്കുന്നതിനും മറ്റുമായി നൽകുന്ന പമ്പിംഗ്

സബ്സിഡിയുടെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പമ്പിംഗ് സബ്സിഡി ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) മണലൂർ മണ്ഡലത്തിലെ ഏതെങ്കിലും പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകുമോ?

## കാർഷികമേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം

988 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വയനാട് പോലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷി പരിപാലിക്കുന്നതിനും മണ്ണിന്റെ സ്വഭാവത്തിന് അനുസൃതമായ കൃഷി കണ്ടെത്തുന്നതിനും, കോൾഡ് സ്റ്റോറേജ്, മാർക്കറ്റിംഗ് എന്നിവ ഏകോപിപ്പിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബിയുടെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി

989 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്; കൂടുതലായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കൃഷി ചെയ്യാതെ കിടക്കുന്ന വയലുകളിൽ വ്യാപിച്ചുകിടക്കുന്ന കണ്ടലുകളെ കൃഷി, വനം വകുപ്പുകളുടെ സഹകരണത്തോടെ പറിച്ചു നടത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ കൈപ്പാട് കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഗുണമേന്മയുള്ള വിത്തിനങ്ങൾ

990 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് നൽകാൻ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കെഎസ്എസ്ഡിഎ-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കപ്പ കർഷകർ നേരിടുന്ന പ്രതിസന്ധി

991 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മഴയിലും പ്രളയത്തിലും വെള്ളം കെട്ടിക്കിടന്ന് കൃഷി നശിക്കുന്നതും, ഉയർന്ന കൂലിച്ചെലവും, തുടർച്ചയായി വിലയില്ലാതായതും മലയാളികളുടെ ഇഷ്ടഭക്ഷണമായ കപ്പ കൃഷി ചെയ്യുന്ന കർഷകരെയടക്കം പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു വിപണിയിൽ 20 മുതൽ 25 രൂപ വരെ വിലയുള്ളപ്പോഴും ഇടനിലക്കാർ ഒരു കിലോ കപ്പയ്ക്ക് എട്ട് മുതൽ പന്ത്രണ്ട് രൂപ വരെയാണ് കർഷകർക്ക് നൽകുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) കൃഷിവകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വിപണി ഇടപെടലുകളുടെ ഭാഗമായി 'വാട്ടുകപ്പ'യ്ക്കായുള്ള കപ്പ സംഭരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നതെന്ന് അറിയിക്കാമോ;

(ഡി) 25 രൂപയെങ്കിലും വില കിട്ടിയെങ്കിൽ മാത്രമേ കർഷകർക്ക് ഈ കൃഷി ലാഭകരമാകു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയായ 12 രൂപ എന്നത് ഉയർത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള പ്ലാന്റേഷൻ കോർപ്പറേഷൻ

992 **ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏഴു ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കോർപ്പറേഷൻ ലാഭകരമാക്കുന്നതും ജീവനക്കാരുടെ ആവശ്യങ്ങളും സംബന്ധിച്ച് കൃഷി മന്ത്രിയുമായി സംഘടനാ നേതാക്കൾ ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കാമോ;

(സി) പതിനയ്യായിരത്തിൽ പരം എണ്ണപ്പനകൾ കാട്ടാനകൾ നശിപ്പിക്കാനിട യായതു മൂലം കോർപ്പറേഷനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കോർപ്പറേഷന്റെ കാസർകോട് ഡിവിഷനിൽ കശുമാങ്ങ ജ്യൂസ് കെട്ടിക്കിടക്കുന്നതും കാലടി ഡിവിഷനിൽ മറിഞ്ഞു വീണ തേക്കുമരങ്ങൾ ലേലം ചെയ്യാത്തതും പരിഹരിക്കാൻ നടപടിയുണ്ടാകുമോ;

(ഇ) പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെ നിയമനം

993 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, വ്യാജ യോഗ്യത ഹാജരാക്കിയാണ് നിയമനം നേടിയത് എന്നാരോപിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മുണ്ടേരി കോക്കനട്ട് അഗ്രോ പാർക്ക്

994 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകൾ എവിടെയൊക്കെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; എതെല്ലാം കാർഷിക വിളകളെ ഉദ്ദേശിച്ചാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന കോക്കനട്ട് അഗ്രോ പാർക്ക് പദ്ധതി ഇപ്പോഴും പരിഗണനയിലുണ്ടോ; കോക്കനട്ട് അഗ്രോ പാർക്കുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ നടപടികൾ വിശദീകരിക്കാമോ;

(സി) ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വിത്തു കൃഷി തോട്ടമായ മുണ്ടേരിയിൽ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകളിലൊന്ന് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ?

## കാർഷിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുവാൻ നടപടി

995 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുവാൻ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനായി നടപടി സ്വീകരിക്കുമോ?

## തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ

996 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ 03.03.2017 ലെ സ.ഉ.(കൈയ്യെഴുത്ത്) 28/2017/കൃഷി നമ്പർ ഉത്തരവ് പ്രകാരം തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ

തടഞ്ഞുവെച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തടഞ്ഞുവച്ച പെൻഷൻ നൽകേണ്ടിവരുന്നതിന് വേണ്ട ആകെ തുക എത്രയാണ്;

(സി) പ്രസ്തുത ഉത്തരവു പ്രകാരം തടഞ്ഞു വെച്ച പെൻഷൻ നൽകുന്നതിന് എന്തു നടപടിയാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## കേന്ദ്രസർക്കാർ പാസ്സാക്കിയ കർഷക നിയമം

997 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. ടി. തോമസ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരായാതെ കേന്ദ്രസർക്കാർ മുൻവർഷം പാസ്സാക്കിയ കർഷകവിരുദ്ധ നിയമങ്ങൾ മൂലം കേരളത്തിലെ കാർഷിക മേഖലയിൽ ഉളവായിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കുറഞ്ഞ താങ്ങുവില ഉറപ്പു നൽകാതെ കർഷകന്റെ വിലപേശൽ ശേഷി ഇല്ലാതാക്കുന്ന സാഹചര്യം മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേറ്റ് താല്പര്യങ്ങളുടെ ഭാഗമായി കർഷകരുടെ ഉല്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിലേക്ക് മാറ്റി വിലകുറയ്ക്കുന്നതിനുള്ള സാധ്യതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കർഷക താല്പര്യങ്ങൾ ഹനിയ്ക്കുന്ന പ്രസ്തുത നിയമത്തിന്റെ ഭരണഘടനാപരമായ സാധുത പരിശോധിക്കുന്നതിന് നിയമനടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

## കൂത്താളി ജില്ലാ കൃഷി ഫാം

998 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി ജില്ലാ കൃഷി ഫാമിന്റെ ഭൂമിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്നതിന് സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് സ്ഥലം വിട്ടുനൽകുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## കോവിഡ് മഹാമാരി തളർത്തിയ കാർഷിക മേഖല

999 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ

ദുരിതാവസ്ഥയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കടുത്ത ഗതാഗത നിയന്ത്രണവും രോഗബാധ തുടരുന്നതും മൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

**<u>നെൽകൃഷി വിപുലീകരണം</u>**

1000 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും, എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ;

(സി) നെൽകൃഷിയിലും പച്ചക്കറി ഉല്പാദനത്തിലും കഴിഞ്ഞ അഞ്ച് വർഷമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കുമോ?

**<u>പച്ചക്കറിക്ക് ലഭിക്കുന്ന താങ്ങുവില</u>**

1001 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ പച്ചക്കറിക്ക് താങ്ങു വില നിശ്ചയിക്കുമെന്നും അത് ലഭിക്കാത്തവർക്ക് അക്കൗണ്ടിൽ നൽകുമെന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കാണ് അപ്രകാരം തുക കിട്ടിയിട്ടുള്ളത് ; വ്യക്തമാക്കുമോ?

**<u>കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ നടപടി</u>**

1002 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തെ ഡാറ്റാബാങ്ക്</u>**

1003 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള പുരയിടങ്ങളെ ഒഴിവാക്കി ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ

1004 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ബ്ലോക്കിലെ പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ വിപുലപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകിയിരുന്നോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമായെന്ന് വിശദമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിൽ കൈപ്പാട് നെൽകൃഷി

1005 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ ആരാണ് തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ഏതു രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിക്കായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ?

## ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നഴ്സറികൾ

1006 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നേഴ്സറികളിൽ നിന്നും അവ വാങ്ങുന്നവർ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## ആയഞ്ചേരി വേളം കോൾനിലം പദ്ധതി

1007 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി വേളം കോൾ നിലം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഏറ്റെടുത്ത പ്രവൃത്തിയിൽ, തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സി.ഡബ്ല്യൂ.ആർ.ഡി.എം. സർവ്വേ പ്രകാരമാണോ പ്രസ്തുത പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) ഉപ്പുവെള്ളം കയറാതിരിക്കാൻ വെന്റഡ് ക്രോസ്സ് ബാർ നിർമ്മാണം പ്രസ്തുത പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) വെള്ളമൊഴുക്ക് നിലനിർത്താനായി എന്തൊക്കെ കാര്യങ്ങൾ പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

## തീരദേശങ്ങളിലെ രാമച്ച കൃഷി

1008 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ രാമച്ച കൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വികരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിൽ രാമച്ച കൃഷിക്ക് പ്രത്യേക സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കുമോ?

## കർഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ

1009 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ഏതൊക്കെ കൃഷികൾക്കാണ് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത് ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ടെന്നും ആയതിൽ കൃഷിവകുപ്പ് പണം അടക്കുന്ന കണക്ഷനുകൾ എത്രയാണെന്നും വ്യക്തമാക്കുമോ?

## സംസ്ഥാന കാർഷിക മേഖലാ വളർച്ച

1010 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ കഴിഞ്ഞ 5 വർഷത്തെ വളർച്ച സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവിഡുൾപ്പെടെയുള്ള കാരണങ്ങളാൽ തളർന്ന കാർഷികമേഖലയെ

സഹായിക്കുന്നതിന് പ്രാദേശിക കാർഷിക ഉല്പാദനങ്ങൾ കൂടുതൽ വ്യാപിപ്പിച്ച് കാർഷിക മേഖലയ്ക്ക് സ്വയം പര്യാപ്തത ഉറപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ചാത്തന്നൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി നടപ്പിലാക്കുന്ന പ്രവൃത്തികൾ**

1011 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികൾ പ്രകാരം കെ.എൽ.ഡി.സി. നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ ?

**കേരഗ്രാമം പദ്ധതി**

1012 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഫാം ടൂറിസം പദ്ധതി**

1013 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ;

(ഡി) ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവയെ പരിഗണിക്കുമോ?

**നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക്**

1014 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇതിനകം എത്ര പ്രദേശങ്ങളിലെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി

ശേഷിക്കുന്നവ എത്രയാണ് ;

(സി) ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ ?

## കേരഗ്രാമം പദ്ധതി

1015 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെയായി ആകെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) 2020-21 സാമ്പത്തിക വർഷം പുതിയ തദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ പദ്ധതി

1016 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) കൃഷിയുടെ ആധുനികവത്കരണത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് മുൻ സർക്കാർ നടപ്പിലാക്കിയിരുന്നത്; ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത്

1017 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ സീസണിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത് ഒരേ ചാക്കിൽ തന്നെ വ്യത്യസ്ത കാലയളവ് മൂപ്പുള്ള വിത്തായിരുന്നുവെന്നും തന്മൂലം കർഷകർക്ക് കൊയ്ത്തിന് വളരെയേറെ പ്രയാസങ്ങൾ നേരിട്ടുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സീസണിൽ ഗുണമേന്മയുള്ള മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## കാർഷിക മേഖലയുടെ അഭിവൃദ്ധി

1018 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിയുടെ ഭാഗമായി സംസ്ഥാനത്ത് മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉല്പാദന മേഖലയെ സാരമായി ബാധിക്കുന്ന ഇത്തരം ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും നടത്താൻ നടപടികൾ ഉണ്ടാകുമോ?

## ഹരിതം ഹരിപ്പാട് പദ്ധതി

1019 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രവർത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഇനി ടെണ്ടർ ചെയ്യാനുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയംപര്യാപ്തത

1020 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

1021 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കുമോ;

(ബി) പച്ചക്കറി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വലിയ അന്തരം ഒഴിവാക്കുന്നതിനായി പ്രത്യേക കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) കാർഷിക കർമ്മസേനകളുടെ സഹായത്തോടെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർബന്ധമാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ

തയ്യാറാവുമോ?

**<u>സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം</u>**

1022 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 , 2016-17, 2020-21 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ വീതം ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

**<u>നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും</u>**

1023 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**<u>നെല്ലുൽപ്പാദനരംഗത്തെ വർദ്ധനവ്</u>**

1024 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുൽപ്പാദനം കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നെല്ലുസംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് സംഭരിക്കുന്ന നെല്ലിന് കർഷകന് നൽകുന്നത്;

(ഡി) എന്നുവരെയുള്ള, സംഭരിച്ച നെല്ലിന് വില നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>സുസ്ഥിര നെൽകൃഷി വികസന പദ്ധതി</u>**

1025 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നെൽകർഷകർക്ക് നൽകുന്ന ഈ ധനസഹായം വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ നെൽകൃഷി

1026 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷി ഉണ്ടെന്ന വിവരം നൽകാമോ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്; ഇവയുടെ കണക്ക് നൽകാമോ;

(സി) മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണ് എന്ന് അറിയിക്കാമോ?

## നല്ല ഇനം നെൽ വിത്തുകൾ നല്കാൻ നടപടി

1027 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക്, പ്രത്യേകിച്ച് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നല്ല ഇനം നെൽവിത്ത് നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്ങനെ നൽകുന്ന നെൽവിത്തുകൾ ഗുണമേന്മ ഏറിയതും നല്ല വിളവു നൽകുന്നതും ആയിരിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാകുമോ;

(സി) നെൽവിത്ത്, കർഷർക്ക് സ്വന്തമായി ഉത്പാദിപ്പിക്കാൻ പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നെൽകർഷകരിൽ നിന്നുള്ള നെല്ല് സംഭരണം

1028 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരിൽ നിന്നും സർക്കാർ നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് എന്ന് മുതലാണ് ; ഇപ്പോൾ ഒരു കിലോ നെല്ലിന് എന്ത് വില നൽകിയാണ് സംഭരണം നടത്തുന്നത്; ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പാലക്കാടിനെ അപേക്ഷിച്ച് മണ്ണിന് നനവ് കുട്ടനാടൻ മേഖലയിൽ കൂടുതൽ ഉള്ളതിനാൽ ഇവിടെ നിന്നും സംഭരിക്കുന്ന നെല്ലിന് നനവ് കൂടുതൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നെല്ലിന്റെ നനവിന്റെ മറയിൽ സ്വകാര്യ മില്ലുടമകൾ കുട്ടനാടൻ മേഖലയിലെ കർഷകരുടെ നെല്ലിന് കുറവ് വില നൽകി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മണ്ണിന്റെ പ്രത്യേകത കണക്കിലെടുത്തുള്ള ഈ ചൂഷണത്തിൽ നിന്നും കുട്ടനാടൻ മേഖലയിലെ നെൽകർഷകരെ സംരക്ഷിക്കും വിധം നെല്ല് സംഭരണത്തിൽ കുട്ടനാട് മേഖലയ്ക്ക് പ്രത്യേക പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ?

## കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷിയുടെ വിശദാംശങ്ങൾ

1029 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും നെല്ല് സംഭരണം നടത്തിയതിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പൊതു - സഹകരണമേഖലയിൽ എത്ര റൈസ് മില്ലുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ മില്ലുകളെ മാത്രമാശ്രയിച്ച് നെല്ല് സംഭരണം നടത്തുന്നതുമൂലം നെൽകർഷകർ ചൂഷണത്തിന് ഇരയാകുകയും ന്യായമായ വില കിട്ടാതെ പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന് പരിഹാരമെന്നോണം ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള റൈസ് മില്ലിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(എഫ്) ഇത് പരിഹരിച്ച് റൈസ് മില്ല് സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>നെൽകൃഷി വികസന പദ്ധതി</u>

1030 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയകൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി വികസന പദ്ധതിയിലൂടെ സുസ്ഥിര നെൽകൃഷി വികസനത്തിനായി കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരിച്ച വകയിൽ നിലവിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക നൽകുന്നതിന് സ്വീകരിക്കുന്ന നടപടി എന്താണെന്നും അറിയിക്കുമോ?

## <u>കേര ഗ്രാമം പദ്ധതി</u>

1031 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷി വികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേര ഗ്രാമം പദ്ധതിയിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കേര ഗ്രാമം പദ്ധതിയിൽ തിരൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ

ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(ഡി) നാളികേര സംഭരണത്തിലൂടെ സംസ്ഥാനത്ത് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ; കുടിശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നാളികേരത്തിന്റെ താങ്ങുവിലയും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുകയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) 2018-2019, 2019-2020 - ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷി ചെയ്യുന്നതെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## <u>തെങ്ങിൻ തൈകളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുവാൻ നടപടി</u>

1032 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല വിളയായ തെങ്ങിന്റെ നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ നഴ്സറികളും അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നു എന്ന് പരിശോധിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) ഗുണ നിലവാരമില്ലാത്ത തെങ്ങിൻ തൈകൾ പലപ്പോഴും വിപണിയിൽ എത്തുന്നതും കർഷകർ അത്തരം പരസ്യങ്ങളിൽ ആകൃഷ്ടരായി അവ ഉപയോഗിക്കുന്നതും തെങ്ങ് എന്ന ദീർഘകാല വിളയുടെ കാര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിനാൽ ഗുണനിലവാരമുള്ള തൈകൾ മാത്രം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി</u>

1033 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില നിലവിൽ എത്രയാണ് ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പച്ചത്തേങ്ങയുടെ സംഭരണ വില എത്ര രൂപ വർധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>വള്ളിക്കുന്ന് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

1034 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന്

വ്യക്തമാക്കാമോ?

**കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ**

1035 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

**കർഷക ആത്മഹത്യകൾ**

1036 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ; വിശദാംശം നൽകുമോ ?

**കോലിഞ്ചി കർഷകർക്ക് സബ്സിഡി**

1037 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോലിഞ്ചി കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കർഷക ആത്മഹത്യ**

1038 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ കുടുംബങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായം സർക്കാർ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ ഈ സർക്കാർ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം**

1039 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കർഷകർക്ക് കോവിഡ് കാലഘട്ടത്തിൽ വായ്പ തിരിച്ചടക്കുന്നതിന് സാവകാശം നൽകുന്നതിനും കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വാഴ, മരച്ചീനി എന്നീ കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയുടെ താങ്ങ് വില വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ലോക്ക്ഡൗൺ മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

1040 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാരണം കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ കർഷകർ കൃഷി ചെയ്യുന്ന പൈനാപ്പിൾ അടക്കമുള്ള പഴങ്ങൾ കേരളത്തിനകത്തു തന്നെ വിപണനം ചെയ്യാൻ സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുമോ; വിശദാംശങ്ങൾ നൽകാമോ?

## മുതലമട മാംഗോ ഹബ്ബ്

1041 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുതലമട മാംഗോ ഹബ്ബുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ മാവ് കർഷകരുടെ ചിരകാല സ്വപ്നമായ മാംഗോ ഹബ്ബ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കോവിഡ് 19 കാരണം പ്രതിസന്ധിയിലായ കർഷകർക്കായുള്ള പദ്ധതികൾ

1042 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 ന്റെ വ്യാപനവും വിലയിടിവും കാരണം പ്രതിസന്ധിയിലായ കർഷകരെ രക്ഷിക്കാനും വിളകൾ സംരക്ഷിക്കാനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന

പദ്ധതികൾ വിശദമാക്കുമോ;

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന് വേണ്ടി പ്രീ - ഫീസിബിലിറ്റി പഠനം നടത്താൻ നാബ്കോൺസിനെ (NABCONS) ഏൽപ്പിച്ചിരുന്നോ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## കർഷക പെൻഷൻ അപേക്ഷകൾ

1043 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷനു വേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## കാർഷിക മേഖലയുടെ പ്രളയ പുനരധിവാസം

1044 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയുടെ പ്രളയ പുനരധിവാസത്തിനായി ഇതുവരെ എത്ര തുക സർക്കാർ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

## കുട്ടനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനു നടപടി

1045 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാവാലം പഞ്ചായത്തിൽ മാണിക്യമംഗലം കായൽ പാടശേഖരത്തിൽ രണ്ടായിരത്തി ഇരുപതിൽ ഉണ്ടായ മടവീഴ്ചയുടെ ഫലമായി കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം നൽകുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) വീണ്ടും കൃഷി ഇറക്കുന്നതിനു യുദ്ധകാലടിസ്ഥാനത്തിൽ മടകുത്തിയ വകയിൽ നൽകാനുള്ള തുക എത്രയാണ്; ആയതു നൽകുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പാടശേഖരത്തിന്റെ മടകുത്തിയ വകയിൽ നൽകാനുള്ള തുക എപ്പോഴത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ?

## പുനർജ്ജനി പദ്ധതി

1046 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർജ്ജനി പദ്ധതിയിലൂടെ കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ?

## കർഷകർക്ക് വിള ഇൻഷ്വറൻസ്

1047 **ശ്രീ സി ആർ മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം വിളകൾ നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് ലഭ്യമാക്കാൻ എത്ര അപേക്ഷകളാണ് നാളിതുവരെ സർക്കാരിന് ലഭിച്ചിരിക്കുന്നതെന്നറിയിക്കുമോ;

(ബി) ഇതിൽ എത്ര പരാതികൾ തീർപ്പാക്കി;

(സി) ഇതിനായി പുതിയ സോഫ്റ്റ്‌വെയർ നിർമ്മിച്ചിരുന്നോ ; ഉണ്ടെങ്കിൽ സോഫ്റ്റ്‌വെയർ ഉപയോഗത്തിന് ശേഷവും പരാതികൾ തീർപ്പുകല്പിക്കാതെ ഇരിക്കുന്ന സാഹചര്യം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

1048 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) 2021 - 22 സാമ്പത്തിക വർഷം കൃഷി വകുപ്പ് കുന്നത്തുനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിനുള്ള ധനസഹായത്തിനായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്ന് 2020 - 21 മുതൽ നാളിതുവരെയുള്ള അപേക്ഷകരുടെയും അവർക്ക് അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

1049 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനു എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ?

## പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം

1050 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള ധനസഹായം വയനാട് ജില്ലയിൽ ഇനിയും നൽകാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ഈ വകയിൽ ഇനിയും വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## വയനാട് ജില്ലയിൽ ഉണ്ടായ കൃഷിനാശം

1051 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വേനൽ മഴയിലും, ടൗട്ടെ ചുഴലിക്കാറ്റിലും കൃഷിനാശം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇത്തരത്തിൽ കാർഷിക വിള നശിച്ച കർഷകർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ?

## കൃഷിനാശം സംഭവിച്ച വകയിൽ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം

1052 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുള്ള നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ 2019-20, 2020-21 വർഷങ്ങളിൽ കൃഷിനാശം സംഭവിച്ച വകയിൽ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എത്രയെന്ന് കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എപ്പോൾ നൽകാൻ കഴിയും; വിശദമാക്കുമോ?

## കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരം

1053 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവയിൽ നാശം സംഭവിക്കുന്ന തെങ്ങ്, വാഴ ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

## <u>കോവിഡിന്റെ പശ്ചാത്തലത്തിൽ കാർഷികോത്പന്നങ്ങളുടെ വിലയിടിവ്</u>

1054 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും, കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

## <u>പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി</u>

1055 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പൈനാപ്പിൾ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി പൈനാപ്പിൾ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

## <u>നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണം</u>

1056 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഫാമിൽ ഏതെല്ലാം തരത്തിലുള്ള കൃഷിയാണ് നടത്തുന്നതെന്നും മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നടത്തുന്നതെന്നും വിശദമാക്കുമോ?

## <u>കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ട്രാക്ടർ റോഡ് നിർമ്മാണം</u>

1057 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷിക്കാവശ്യമായ ഉപകരണങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും നെല്ല് സംഭരിക്കുന്നതിനും മറ്റും അത്യന്താപേക്ഷിതമായ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ രണ്ടാം കുട്ടനാട്

പാക്കേജിൽ ഉൾപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കുട്ടനാട് കുടിവെള്ളപദ്ധതി</u>**

1058 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണം എന്ന് സാധിക്കുമെന്നാണ് കരുതുന്നത് ; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ ;

(ബി) ഇതിനായി കഴിഞ്ഞ അഞ്ചു വർഷം എത്ര തുകയാണ് മാറ്റിവച്ചിരുന്നത്; അതിൽ എത്ര തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

**<u>രണ്ടാം കുട്ടനാട് പാക്കേജ്</u>**

1059 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ കൃഷിമേഖലയിൽ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം കുട്ടനാട് പാക്കേജിലെ അപാകതകൾ പരിഹരിച്ചു കൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയിൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന മടവീഴ്ച തടയൽ, എല്ലാ പാടശേഖരങ്ങളിലും സ്ഥിരം മോട്ടോർ സംവിധാനം തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>രണ്ടാം കുട്ടനാട് പാക്കേജ്</u>**

1060 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) കുട്ടനാട്ടിലെ പ്രധാന പ്രശ്നങ്ങളായ മടവീഴ്ചയും വെള്ളപ്പൊക്കവും പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(സി) വെള്ളപ്പൊക്ക ദുരിതം നീക്കാൻ ഹ്രസ്വ-ദീർഘകാല പദ്ധതികൾ, പുഴകളിലേയും കനാലുകളിലേയും എക്കലും ചെളിയും നീക്കാനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കുട്ടനാട്ടിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി എന്തൊക്കെ പരിപാടികളാണ്

കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്നത്; വിശദാംശം നൽകുമോ ;

(ഇ) സർക്കാർ നടപ്പിലാക്കി വരുന്ന രണ്ടാം കുട്ടനാട് പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ ?

## വിള ഇൻഷ്വറൻസ്

1061 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് വിള ഇൻഷ്വറൻസ് സഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ പ്രീമിയത്തിലേക്കുള്ള സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഴയും പ്രകൃതി ദുരന്തങ്ങളും കാരണം വിള നശിച്ചുപോയ സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

## കാർഷിക വിള ഇൻഷുറൻസ് പദ്ധതി

1062 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കാർഷിക വിള ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിള ഇൻഷുറൻസ് പദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുതിയ കൃഷിയിനങ്ങൾ വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) നെൽകൃഷിയുടെ വിള ഇൻഷുറൻസ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം

1063 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം വിപുലീകരിക്കാൻ സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഷിക വിപണന കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്

1064 **ശ്രീ എം രാജഗോപാലൻ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കാരണം യുവതലമുറ കൃഷി ജീവിതമാർഗ്ഗമാക്കാൻ മടിക്കുന്ന പശ്ചാത്തലത്തിൽ മൂല്യ വർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥക്ക് പരിഹാരം കാണുന്നതിനും പദ്ധതിയുണ്ടോ;

(ബി) സംസ്ഥാനത്തെ ഓരോ ജില്ലയിലേയും മുഖ്യവിളകളെ ആസ്പദമാക്കി മൂല്യ വർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള ഒരു ജില്ല ഒരുല്പന്നം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു കഴിഞ്ഞ സർക്കാർ വർഷം തോറും നടത്തി വന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഹോർട്ടികോർപ്പ് സംഭരിച്ച ഉല്പന്നങ്ങളുടെ വില

1065 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്നും സംഭരിച്ച കാർഷികോത്പന്നങ്ങളുടെ വില ദീർഘകാലമായി കുടിശ്ശികയായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുടിശ്ശിക തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## കർഷകർക്ക് താഴ്ന്ന പലിശയ്ക്ക് വായ്പ

1066 **ശ്രീമതി കെ.കെ.രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കേരള ബാങ്ക് മുഖേന താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കുമെന്ന

പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വായ്പക്ക് കർഷകർ നൽകേണ്ട പലിശ എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>കർഷകർക്ക് സഹായം</u>**

1067 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വ്യക്തമാക്കുമോ;

(ബി) 2020,2021 വർഷങ്ങളിൽ കടക്കെണി മൂലം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ ?

**<u>മാവേലിക്കരയിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1068 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടി പദ്ധതികളിൽ ആർ.ഐ.ഡി.എഫ്. XXIV-ലും ആർ.ഐ.ഡി.എഫ്. XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിന് കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

**<u>വൈപ്പിൻ പദ്ധതി</u>**

1069 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് XX -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ജൈവവൈപ്പിൻ പദ്ധതിയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 13.03.2015 ന് ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തി നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി

ലഭ്യമായിട്ടുണ്ടോ; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>കരുംകുളം, കോട്ടുകാൽ കൃഷി ഭവനുകൾക്ക് കെട്ടിടം</u>**

1070 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കരുംകുളം, കോട്ടുകാൽ കൃഷി ഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്</u>**

1071 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ലഭിക്കുന്നതിന് സ്യൂട്ടബിലിറ്റി പരീക്ഷ പാസ്സാകണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ അതൊഴിവാക്കി മറ്റ് വകുപ്പുകളിലെ പോലെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുമോ; കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകുവാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുമോ?

**<u>കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിലെ ഒഴിവുകൾ</u>**

1072 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിൽ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഈ അവസ്ഥ തുടരുന്നുവെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ജോലിയിലുള്ളവർ അതത് തസ്തികകളിൽ എത്രകാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു ജില്ലകളിൽ സേവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതര ജില്ലകളിൽ നിന്നുള്ള എത്ര ജീവനക്കാർ കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>കൃഷി ഓഫീസുകളിലെ ഒഴിവുകൾ</u>**

1073 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കൃഷി ഭവനകളിലെ സ്റ്റാഫ് പാറ്റേൺ

1074 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനകളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനകളിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവ് ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മട്ടുപ്പാവ് കൃഷി, ഹൈടെക്ക് കൃഷി, ഗ്രീൻഹൗസ് കൃഷി, മഴമറ - തരിശ് കൃഷി എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളിലെ കൃഷിഭവനകളിലെ സ്റ്റാഫ് പാറ്റേൺ നഗരസഭ/കോർപ്പറേഷൻ മേഖലകളിലെ കൃഷിഭവനകളിലും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

1075 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാർ സ്ഥിരമായി ഇല്ലാത്ത എത്ര കൃഷി ഭവനകൾ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഒഴിവുള്ള കൃഷി ഓഫീസർ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം

1076 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ അപര്യാപ്തത മൂലം സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) വടകര മണ്ഡലത്തിൽ നിലവിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും ഉൾപ്പടെ പതിനഞ്ചോളം ഉദ്യോഗസ്ഥർ വേണ്ടിടത്തു നാലുപേരാണുള്ളതെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമികൾ**

1077 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശു ഭൂമികളാണ് ഉള്ളത്; ഇവ ഏതെല്ലാം കൃഷി ഭവനങ്ങളുടെ കീഴിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം തരിശുഭൂമികളുടെ ഉടമസ്ഥരെ സംബന്ധിച്ച വിവരം കൃഷി ഓഫീസുകളിൽ സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള കൃഷി ഭൂമികളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണം**

1078 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വാണിജ്യവിളകൾ ഉൾപ്പെടെയുള്ള തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ കാർഷികാഭിവൃദ്ധിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

1079 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷിയോഗ്യമായ പാടശേഖരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാടശേഖരങ്ങളിൽ കൃഷിയുടെ അഭിവൃദ്ധിക്കായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാടശേഖരങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**കായംകുളം മണ്ഡലത്തിൽ കൃഷിവിസ്തൃതിയിൽ ഉണ്ടായ വർദ്ധനവ്**

1080 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസത്തിനുശേഷം നെൽകൃഷി, എള്ള് കൃഷി, ഇടവിളകൃഷി എന്നിവയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ, ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**തഴക്കര കുടിവെള്ള പദ്ധതി**

1081 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിയുടെ ശുദ്ധജല ടാങ്ക് നിർമ്മിക്കുന്നതിന് തഴക്കരയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷി തോട്ടത്തിന്റെ സ്ഥലം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള എൻ.ഒ.സി ലഭ്യമാക്കിയോയെന്ന് വ്യക്തമാക്കുമോ?

**<u>കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും നവീകരണം</u>**

1082 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളും ജലസ്രോതസ്സുകളും നവീകരിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ;

(ബി) കുളങ്ങൾ നവീകരിക്കുന്ന പദ്ധതിക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ കുളങ്ങൾ കൃഷി വകുപ്പ് മുഖേന നവീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>റാന്നിയിൽ മിനി അഗ്രോ പാർക്ക്</u>**

1083 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ കാർഷിക വിഭവങ്ങളുടെയും നാണ്യവിളകളുടെയും നാടായ റാന്നിയിലെ ഉൽപന്നങ്ങളെ റാന്നി ബ്രാൻഡ് എന്ന ജ്യോഗ്രഫിക് പ്രതീകത്തിൽ ലോക കമ്പോളത്തിലെത്തിക്കുന്നതിനെകുറിച്ച് പഠിക്കുവാനും റാന്നിയിൽ മിനി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുമുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുവാനും നടപടി സ്വീകരിക്കുമോ;

(ബി) റാന്നിയിലെ കർഷകരിൽ നിന്ന് നേരിട്ട് കാർഷിക ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനും കൂടുതൽ മാർക്കറ്റിംഗ് സാധ്യതകൾക്കായും റാന്നി ബ്രാൻഡ് ഔദ്യോഗികമാക്കുവാൻ വേണ്ട അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>**

1084 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ജീവനി പദ്ധതി

1085 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ജീവനി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആദിവാസി കോളനികൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണെന്ന പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ?

## കൃഷി ആവശ്യത്തിന് വൈദ്യുതി

1086 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) പുതിയതായി പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് എന്തൊക്കെ നിബന്ധനകൾ ആണ് നിഷ്കർഷിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾ

1087 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എത്ര കൃഷിഭവനുകൾക്കു സ്വന്തമായി ഓഫിസ് കെട്ടിടമുണ്ട് ; വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾക്കു കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## കാർഷികരംഗത്ത് യുവാക്കളുടെ പ്രാതിനിധ്യം

1088 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേക്ക് കടന്ന് വരുന്ന യുവാക്കളെ പരിശീലിപ്പിച്ച്, അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹനം നൽകാൻ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കുവാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കർഷക ക്ഷേമനിധി ബോർഡ്

1089 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തങ്ങൾ എന്തെല്ലാം എന്ന് അറിയിക്കാമോ ?

**കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൃഷി ഭൂമി**

1090 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിലെ കൂത്താളി കൃഷി ഭവന്റെ കീഴിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ എന്തൊക്കെ കൃഷികളാണ് ഇവിടെ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ എത്ര ഉദ്യോഗസ്ഥരും എത്ര സ്ഥിരം തൊഴിലാളികളും എത്ര കരാർ തൊഴിലാളികളും ഉണ്ട് എന്ന് വിശദമാക്കുമോ;

(ഡി) കൃഷിഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27.07.2020 ൽ കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത യോഗത്തിൽ എന്തൊക്കെ കാര്യങ്ങൾ തീരുമാനിച്ചുവെന്നും, ആയതനുസരിച്ച് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**മണ്ണുപര്യവേക്ഷണ- മണ്ണുസംരക്ഷണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ**

1091 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുപര്യവേക്ഷണ - മണ്ണുസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്ന ജീവനക്കാരുടെ പദവികൾ എന്തെല്ലാമാണെന്നും അവരുടെ സാങ്കേതിക യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമാണോയെന്നും ഇല്ലെങ്കിൽ അത് എങ്ങനെ പരിഹരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ മൊത്തം എത്ര സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടെന്നും അവർക്ക് അതത് സമയങ്ങളിൽ ലഭ്യമാകേണ്ട പ്രൊമോഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

**സോയിൽ കൺസർവേഷൻ പദ്ധതികൾ**

1092 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ വകുപ്പ് നാദാപുരം മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തൂണേരി ബ്ലോക്കിൽപ്പെട്ട എടച്ചേരി ഗ്രാമ പഞ്ചായത്തിലെ മണ്ണ്-ജല സംരക്ഷണത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുമോ?

**കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫിന്റെ നിയമനം**

1093 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലെ ഫാം സ്റ്റാഫിന്റെ നിയമനം വർഷങ്ങളായി നടക്കാറില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**കാർഷിക കോളേജുകളിലെ എന്റമോളജി അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം**

1094 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ 3.3.2016- ലെ GA/K1/34376/2012 നം. നോട്ടിഫിക്കേഷൻ പ്രകാരം ഇന്റർവ്യൂ കഴിഞ്ഞ വിവിധ കാർഷിക കോളേജുകളിലെ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്രപേരുടെ റാങ്ക് പട്ടികയാണ് നിലവിൽ തയ്യാറാക്കിയതെന്നും എത്രപേരെ നിലവിൽ വിവിധ കോളേജുകളിൽ നിയമിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ നിയമിക്കുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമോയെന്നും വ്യക്തമാക്കാമോ ?

**കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് നിയമനം.**

1095 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനങ്ങൾ നടന്നത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഈ തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**കേരള കാർഷിക സർവകലാശാല വി. സി. യുടെ യോഗ്യത**

1096 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാല വി. സി. യുടെ യോഗ്യത വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് അന്വേഷണമാണ് നിലവിൽ നടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിലെ കേരള കാർഷിക സർവകലാശാല വി. സി. യുടെ വിദ്യാഭ്യാസ യോഗ്യതകൾ വെളിപ്പെടുത്താമോ?

## ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ

1097 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഐ. എച്ച്. ആർ. ഡി. കോളേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

1098 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി. കോളേജുകൾ പ്രവർത്തിക്കുന്നതിന് യു. ജി. സി. മാനദണ്ഡപ്രകാരം ആവശ്യമായ സ്ഥലം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും മറ്റ് സൗകര്യങ്ങളും ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവയുടെ വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോളേജുകൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ നടപടി

1099 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റണമെന്ന ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കിത്തീർക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

## വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

1100 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം സർവ്വകലാശാലകളാണ് 2020-21 അധ്യയന വർഷത്തിൽ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ യു.ജി. , പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## കോളേജ് വിദ്യാഭ്യാസവും ഓൺലൈൻ ക്ലാസുകളും

1101 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ പഠനം ഓൺലൈൻ ആയി മാറിയത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഇന്റഗ്രേറ്റഡ് പി.ജി കോഴ്സുകൾ

1102 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ അധ്യയന വർഷം എത്ര ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി

1103 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഒരുപോലെ ഉറപ്പുവരുത്തുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് അനുയോജ്യമായ തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പുന:ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം**

1104 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**സർക്കാർ മേഖലയിൽ അനുവദിച്ച കോളേജുകൾ**

1105 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സർക്കാർ മേഖലയിൽ എത്ര കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിൽ കോളേജുകൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള സയൻസ് സിറ്റി**

1106 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് കോഴാക്കരയിൽ യാഥാർത്ഥ്യമാകുന്ന കേരള സയൻസ് സിറ്റിയുടെ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ വന്നിരിക്കുന്ന കാലതാമസം പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇതിനോടകം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; സമയബന്ധിതമായി ഇക്കാര്യങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) കേരള സയൻസ് സിറ്റിക്ക് വേണ്ടി ഇതിനകം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; എത്ര സമയത്തിനുള്ളിൽ ഇക്കാര്യങ്ങൾ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) സയൻസ് സിറ്റിയുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്; ഇനി എത്ര കോടി രൂപയുടെ

നിർമ്മാണപ്രവർത്തനങ്ങളാണ് നടപ്പാക്കാനുള്ളത്; കേരള സയൻസ് സിറ്റിയുടെ നിർമ്മാണപൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്; ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കേരള സയൻസ് സിറ്റിയുടെ ആദ്യ അവലോകനയോഗം വരുന്ന നിയമസഭാസമ്മേളനകാലയളവിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

## കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുവാൻ നടപടി

1107 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സർക്കാർ/ എയിഡഡ് കോളേജുകളിൽ എത്ര അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## മലപ്പുറത്തെ സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ

1108 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതു മൂലം ഉണ്ടായിട്ടുള്ള ഭരണപരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണപരമായും അക്കാദമികപരമായുമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രസ്തുത ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിലെ അധ്യാപക ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

## അദ്ധ്യാപക നിയമനത്തിന് പ്രവൃത്തി പരിചയം

1109 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ വരുന്ന ബി.എഡ്. കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം ആവശ്യമില്ല എന്നിരിക്കെ ബി.എഡ്. കോളേജുകളിലെ പ്രസ്തുത തസ്തികയിലും പ്രവൃത്തി പരിചയം ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

## തിരുവമ്പാടി ഐ,എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടമാറ്റം

1110 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന് പുതിയ കെട്ടിടമൊരുക്കിയിട്ടും പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്ന് വിശദമാക്കാമോ;

(ഡി) പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകൽ

1111 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി ഒന്നിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വെച്ച് പേരാമ്പ്ര താലൂക്കാശുപത്രിയ്ക്ക് വേണ്ടി സി.കെ.ജി. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതലയോഗം ചേർന്നിരുന്നോയെന്നും യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കുമോ;

(സി) യോഗതീരുമാനം അനുസരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ ഗവൺമെന്റ് കോളേജിന് യു.ജി.സി. അംഗീകാരം

1112 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ജനസാന്ദ്രതയുള്ള ദ്വീപായ വൈപ്പിൻ മണ്ഡലത്തിലെ ഏക സർക്കാർ കലാലയമായ വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് യു.ജി.സി. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാകുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് യു.ജി.സി. അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജിന്റെ സമഗ്രവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## നാദാപുരം കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി

1113 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയായ നാദാപുരം കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് നാളിതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## മൂന്നാർ സർക്കാർ ആർട്സ് കോളേജ്

1114 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സർക്കാർ ആർട്സ് കോളേജ് പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജ് പുതുക്കി പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഗവൺമെന്റ് മടപ്പള്ളി കോളേജിലെ വികസന പ്രവർത്തനങ്ങൾ

1115 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മടപ്പള്ളി കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതും പ്രൊപ്പോസ് ചെയ്തിട്ടുള്ളതുമായ പ്രവൃത്തികൾ എതൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ഗവൺമെന്റ് മടപ്പള്ളി കോളേജിലെ സയൻസ് ബ്ലോക്കിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോളേജിൽ സെമിനാർ ഹാൾ നിർമ്മിക്കുന്നതിന് വേണ്ടി പ്രൊപ്പോസ് ചെയ്തിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) എൻ.എ.എ.സി. സ്കീമിൽ ഉൾപ്പെടുത്തി മടപ്പള്ളി കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുകയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഈ പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(എഫ്) മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

1116 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്ന ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം വർഷങ്ങളായി തടസ്സപ്പെട്ടിരിയ്ക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി പ്രദേശത്തെ വ്യക്തിയുമായി നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## മഞ്ചേശ്വരം ഗോവിന്ദപൈ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

1117 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സർക്കാർ കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## കുളത്തൂർ സർക്കാർ കോളേജിൽ പുതുതായി അനുവദിച്ച കോഴ്സുകൾ

1118 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ സർക്കാർ കോളേജിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അപ്രകാരം അനുവദിച്ച കോഴ്സുകൾക്ക് സർവ്വകലാശാല അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

## കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് &സയൻസ് കോളേജ്

1119 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുപ്പത് ക്ലാസ് മുറികൾ ഒഴിഞ്ഞു കിടക്കുന്ന കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ ഇക്കണോമിക്സ് ബിരുദാനന്തര ബിരുദം, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. ഫിസിക്കൽ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരു ആർട്സ് & സയൻസ് കോളേജിന് വേണ്ടുന്ന മിനിമം സ്ഥലവിസ്തൃതി അഞ്ച് ഏക്കർ ആണെന്നിരിക്കെ 1.6 ഏക്കർ മാത്രമുള്ള കാഞ്ഞിരംകുളം ഗവണ്മെന്റ്

കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിസ്വീകരിക്കുമോ?

**<u>തലശ്ശേരി-കുത്ത്പറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ജല സംഭരണി നിർമ്മാണം</u>**

1120 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുത്ത്പറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് ജല സംഭരണി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ചൊക്ലി ഗവൺമെന്റ് കോളേജിൽ കണ്ടെത്തിയതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ച് ചേർത്ത യോഗത്തിൽ ചൊക്ലി കോളേജിന്റെ സ്ഥലത്ത് തലശ്ശേരി- കുത്ത് പറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉപയോഗാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്ത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

**<u>വാമനപുരത്ത് സർക്കാർ കോളേജ് ആരംഭിക്കുവാൻ നടപടി</u>**

1121 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വാമനപുരം കേന്ദ്രമാക്കി ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിലെ അസൗകര്യങ്ങൾ</u>**

1122 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കോളേജ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം സൗകര്യങ്ങൾ കുറവുള്ളതും ആവശ്യമായ ക്ലാസ് മുറികൾ ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അദ്ധ്യയന വർഷം മുതൽ ക്ലാസുകൾ ആരംഭിക്കേണ്ടി വരുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായി വരുമോ എന്നറിയിക്കുമോ;

(സി) നിലമ്പൂർ സർക്കാർ കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്ത് കണ്ടെത്തിയ സ്ഥലത്ത് താത്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സന്നദ്ധമാകുമോ;

(ഡി) കോളേജിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാത്തതിനാൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ?

## മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മാതൃകാ കോളേജ്

1123 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജക മണ്ഡലത്തിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

1124 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമായോ; ആയത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

## മാനന്തവാടിയിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ്

1125 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ റൂസ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി ഇനി സ്വീകരിക്കേണ്ടതുണ്ടോ?

## അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ വികസനം

1126 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ ഭാവി വികസനത്തിന് ആവശ്യമായ ഭൂമി കെ.എസ്.ഐ.ഡി.സി. യിൽ നിന്നും വിട്ടു കിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി വിട്ടു കിട്ടുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

## കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ

1127 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ ബി.കോം കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കോളേജുകളിൽ പുതുതായി ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## കുളത്തുപ്പുഴയിൽ കോളേജ് ആരംഭിക്കുവാൻ നടപടി

1128 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുസംബന്ധിച്ച് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി കുട്ടികളുള്ള പ്രസ്തുത മണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

1129 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

1130 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ഗവൺമെന്റ് കോളേജ്

1131 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എത്ര ഡിപ്പാർട്ട്മെന്റുകൾ ഉണ്ടെന്നും ഓരോ ഡിപ്പാർട്ട്മെന്റിലും ഏതൊക്കെ തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ജോലി ചെയ്യുന്നവർ അതാത് തസ്തികകളിൽ എത്ര കാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ സേവനം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതര ജില്ലകളിൽ നിന്നുള്ള എത്ര ജീവനക്കാർ പ്രസ്തുത കോളേജിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലുള്ള ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണം വ്യക്തമാക്കാമോ;

(ജി) പ്രസ്തുത സ്ഥാപനത്തിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്നും ഏത് വർഷത്തിലാണ് ഇവ തുടങ്ങിയതെന്നും ഇനി ഏതെല്ലാം കോഴ്സുകൾക്ക് ഇവിടെ സാധ്യതയും അർഹതയും ഉണ്ടെന്നും വ്യക്തമാക്കാമോ?

## <u>തോലനൂർ ആർട്സ് ആന്റ് സയൻസ് കോളേജ്</u>

1132 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ തോലനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സമഗ്ര വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്യാമ്പസിനുള്ള കെട്ടിടവും അനുബന്ധ നിർമ്മാണങ്ങളും എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കോളേജിൽ ഏതൊക്കെ പുതിയ കോഴ്സുകൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## <u>പട്ടാമ്പി സംസ്കൃത കോളേജിൽ അനുവദിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയം</u>

1133 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## <u>കുട്ടമ്പുഴയിൽ സർക്കാർ കോളേജ്</u>

1134 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽ B3/518/2017 നമ്പർ ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പതിനാറിലധികം ആദിവാസി ഊരുകൾ ഉൾക്കൊള്ളുന്നതും കോതമംഗലം മണ്ഡലത്തിലെ പിന്നാക്ക പ്രദേശവുമായ കുട്ടമ്പുഴയിൽ, പ്രദേശത്തിന്റെ പ്രത്യേകത കൂടി കണക്കിലെടുത്ത് സർക്കാർ കോളേജ് അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കെ പി സി ആർ പ്രകാരമുള്ള ഫീസ് ഇളവ്</u>

1135 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് കെ പി സി ആർ പ്രകാരം ഫീസ് ഇളവ് അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കുട്ടികൾക്ക് ഫീസിളവ് നൽകുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കുമോ?

## <u>വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ പരീക്ഷകൾ</u>

1136 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പരീക്ഷകൾ പൂർണ്ണമായും നടത്താത്തതിനാൽ കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ സംവിധാനങ്ങളുടെ സുഗമമായ ഉപയോഗം സാധ്യമാകുന്ന തരത്തിൽ പരീക്ഷകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കോവിഡിന് മുൻപേ നടക്കേണ്ട പരീക്ഷകൾ അനാവശ്യമായി നീട്ടിവച്ചത് കാരണം വിദ്യാർത്ഥികൾ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

സ്വീകരിക്കുമോ?

**പരപ്പനങ്ങാടി സയൻസ് പാർക്ക് ആന്റ് പ്ലാനട്ടേറിയം**

1137 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന പരപ്പനങ്ങാടി സയൻസ് പാർക്ക് & പ്ലാനട്ടേറിയത്തിന്റെ നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി സിവിൽ സർവ്വീസ് അക്കാദമി**

1138 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി ആരംഭിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

**അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള നടപടി**

1139 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; പൊന്നംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക പൂർണ്ണമായും റവന്യൂ അധികൃതർക്ക് കൈമാറിയിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരള സാങ്കേതിക സർവ്വകലാശാലയുടെ പരീക്ഷാനടത്തിപ്പിലെ വിവേചനം**

1140 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2020-ൽ ബി.ടെക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷകൾ ഓഫ് ലൈനായി എഴുതണമെന്നുള്ള സർവ്വകലാശാല തീരുമാന പ്രകാരം 2020 ഡിസംബറിൽ റെഗുലർ വിദ്യാർത്ഥികളോടൊപ്പം സപ്ലിമെന്ററിക്കാരും എഴുതിയ പരീക്ഷയിൽ റെഗുലർ വിദ്യാർത്ഥികൾക്ക് വിജയിക്കാൻ 35 മാർക്കും സപ്ലിമെന്ററി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് 45

മാർക്കും നേടണമെന്ന് സാങ്കേതിക സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും തുല്യ നീതി ഉറപ്പാക്കുന്ന തരത്തിലുള്ള പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാലയിൽ നിലവിൽ ഓഫ് ലൈനായി നടത്തിക്കൊണ്ടിരിക്കുന്ന സപ്ലിമെന്ററി പരീക്ഷകൾ കോളേജുകളുടെ സഹകരണത്തോടെ ഓൺലൈനായി ഒറ്റത്തവണയായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## മൂന്നാർ എഞ്ചിനീയറിംഗ് കോളേജ്

1141 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പവകാശം ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറുന്നതിന് നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറുന്നതിന് സർക്കാരിനുണ്ടാകുന്ന സാമ്പത്തികബാധ്യത എത്രയെന്ന് വിശദമാക്കാമോ?

## പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ

1142 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സരാധിഷ്ഠിത ലോകത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ ഗുണമേൻമ കൈവരിക്കേണ്ടതുള്ളതിനാൽ പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വകാര്യ- സഹകരണ മേഖലകളുടെ പങ്കാളിത്തത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത റാന്നി പോലുള്ള മലയോര പ്രദേശങ്ങളിൽ വിദ്യാർത്ഥികൾക്കും മാനേജ്മെന്റിനും ഒരു പോലെ ഗുണകരമായ ഐ.ടി., ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ , ബയോടെക്നോളജി മുതലായ ലിമിറ്റഡ് എഞ്ചിനീയറിംഗ് കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് വെസ്റ്റ് ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണം

1143 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കുന്ദമംഗലം വില്ലേജ് പരിധിയിലെ പതിമംഗലത്ത് ഉദ്യോഗസ്ഥർ പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തിയ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## എൻജിനീയറിങ് കോളേജുകളുടെ നിലവാരം

1144 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻജിനീയറിങ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി നടത്തിയ അക്കാദമിക ഓഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കുറ്റിപ്പുറത്ത് പോളിടെക്നിക്ക് ആരംഭിക്കുവാൻ നടപടി

1145 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ പരിസരം കേന്ദ്രീകരിച്ച് പോളിടെക്നിക്ക് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പോളിടെക്നിക്ക് ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്

1146 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര പോളിടെക്നിക് കോളേജുകളാണ് നിലവിലുള്ളത്;

(ബി) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ പോളിടെക്നിക്കുകളില്ലാത്തതിനാൽ സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുതിയ സർക്കാർ പോളിടെക്'നിക്ക് കോളേജുകൾ

1147 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്'നിക്ക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ ;

(ബി) വനിതകൾക്കായി കൂടുതൽ സർക്കാർ പോളിടെക്'നിക്ക് കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകിയാൽ പുതിയ സർക്കാർ പോളിടെക്'നിക്ക് കോളേജുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ ?

## പയ്യന്നൂരിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

1148 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക വനിത റസിഡൻഷ്യൽ പോളിടെക്നിക് ആയ പയ്യന്നൂർ പോളിടെക്നിക്കിൽ ന്യൂജനറേഷൻ കോഴ്സകൾ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണം

1149 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## വിളപ്പിൽശാല ഗവൺമെന്റ് പോളിടെക്നിക്ക്

1150 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിനായുള്ള സ്ഥലം കൈമാറ്റം പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പോളി ടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ

1151 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ലഭ്യതയുള്ള ഏതെല്ലാം പുതിയ കോഴ്സുകളാണ് പോളിടെക്നിക്കുകളിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കുന്നംകുളം ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സി-ആപ്റ്റിലെ പ്രൊമോഷൻ പോളിസി

1152 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുവേണ്ടി പ്രൊമോഷൻ പോളിസി നിലവുണ്ടോ എന്നറിയിക്കുമോ; എങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ;

(ബി) പ്രൊമോഷൻ പോളിസി നിലവിലില്ലെങ്കിൽ ആയത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സി-ആപ്റ്റ് ജീവനക്കാരുടെ പ്രൊമോഷനിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## അസാപ് സ്കിൽപാർക്ക്

1153 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ വെള്ളിയൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ അനുവദിച്ച് പ്രവൃത്തി ഉദ്ഘാടനം ചെയ്ത അസാപ് സ്കിൽപാർക്ക് പ്രസ്തുത സ്കൂളിനുണ്ടാകാനിടയുള്ള അസൗകര്യം കാരണം എടരിക്കോട് പഞ്ചായത്തിലെ പുതുപ്പറമ്പ് ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ?

## കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ പരീക്ഷ

1154 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വിഷയത്തിൽ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേഖലയിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടോ അല്ലാതെയോ ഏതെങ്കിലും സമിതികളെ നിയോഗിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി. കെട്ടിടനിർമാണം

1155 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി. യ്ക്ക് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധമായ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സ് ഫീസ്

1156 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സുകളുടെ 2021-22 വർഷത്തെ ഫീസ് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2021-22 വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ക്ലാസ്സുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഇത്തരം ഫീസിനങ്ങൾ ഈടാക്കാതിരിക്കുന്നതിനും ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകുന്നതിനും ഉത്തരവ് നൽകുമോ; വ്യക്തമാക്കുമോ?

## നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ട്

1157 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവനം ചെയ്ത പ്രകാരം ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് രൂപം നൽകിയ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ

1158 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ വിമർശനത്തെ തുടർന്ന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ മരവിപ്പിച്ച സാഹചര്യത്തിൽ പുനഃപരിശോധിയ്ക്കുവാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിയ്ക്കാമോ?

## പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ

1159 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ബയോളജിസ്റ്റ്, ബയോകെമിസ്റ്റ് എന്നീ ലൈഫ് സയൻസ് പ്രൊഫഷണലുകൾ വിദേശത്ത് ജോലിക്ക് അപേക്ഷിക്കുമ്പോൾ സർക്കാരിന് കീഴിലുള്ള പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ ഇല്ലാത്ത കാരണത്താൽ അവർക്ക് ജോലി നിരസിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് ബിരുദ-ബിരുദാനന്തരബിരുദധാരികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ സർക്കാരിന് കീഴിൽ പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയുടെ വിലയിരുത്തൽ

1160 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ വിദ്യാഭ്യാസ പരിപാടി ഫലപ്രദവും കാര്യക്ഷമവുമായ രീതിയിലാണോയെന്ന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ഭാഗത്തുനിന്ന് വിലയിരുത്തുന്നതിനുള്ള ഏതെങ്കിലും പഠനങ്ങൾ സർക്കാർ തലത്തിലോ സർവ്വകലാശാല തലത്തിലോ നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## <u>അദ്ധ്യാപക നിയമനങ്ങളിലെ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ്</u>

1161 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിവേഴ്സിറ്റി സംവിധാനം നിലവിൽ വന്നത് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ, കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ലക്ച്ചറർ), അസോസിയേറ്റ് പ്രൊഫസർ(റീഡർ), പ്രൊഫസർ എന്നീ തസ്തികകളിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്കായി നീക്കിവെച്ച ബാക്ക് ലോഗ് ഒഴിവുകളുടെ വിവരം കാറ്റഗറി തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) 20.07.2014 ലെ 20086/ലീഗൽ.ജി2/2013/നിയമം. നമ്പർ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനത്തിന് സിംഗിൾ പൂളിംഗ് നടപ്പാക്കുന്നതിനാൽ കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിയമസാധുത എന്താണെന്ന് അറിയിക്കുമോ ;

(സി) 1996 മുതലുള്ള ഭിന്നശേഷി ബാക്ക് ലോഗ് നികത്തണമെന്ന സുപ്രീം കോടതി വിധിയും ആക്ടും ( The Persons With Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995) കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സർവ്വകലാശാല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## <u>സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ നടപടി</u>

1162 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള സർവ്വകലാശാല റേറ്റിംഗിൽ ഇടം നേടാനാകുംവിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളിൽ കാലാനുസൃതമായി മികവാർന്ന കോഴ്സുകൾ ലഭ്യമാക്കാനും യഥാസമയം പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ;

(സി) സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യാനുസരണം ജീവനക്കാർ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ബയോടെക്നോളജി വിഭാഗത്തിലെ തസ്തികകൾ

1163 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ എത്ര സ്ഥിരം അധ്യാപക തസ്തികകൾ ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം ഗസ്റ്റ് തസ്തികകളാണെന്നും അറിയിക്കുമോ ;

(ബി) ഇവിടെ ബയോടെക്നോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ; ബയോടെക്നോളജി വിഭാഗത്തിൽ യോഗ്യരായ അധ്യാപകർ ഇല്ലാത്തതിനാൽ ബോട്ടണി വിഭാഗത്തിൽ നിന്നുള്ള അധ്യാപകരെ ഡിപ്പാർട്ട്മെന്റ് മേധാവി പദവിയിൽ നിയമിക്കേണ്ട സാഹചര്യം സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബയോ ടെക്നോളജി വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള സർവകലാശാല ലെക്സിക്കൻ എഡിറ്റർ നിയമനം

1164 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ലെക്സിക്കൻ എഡിറ്ററായി മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക് യോഗ്യതകൾ തിരുത്തി നിയമനം നല്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാല ഓർഡിനൻസ് നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാതിരുന്നിട്ടും ചട്ടവിരുദ്ധമായി നിയമനം നേടിയ ലെക്സിക്കൻ എഡിറ്ററെ അടിയന്തരമായി പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യോഗ്യതാ മാനദണ്ഡങ്ങൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിച്ച വിഷയത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## മാവേലിക്കര രാജാ രവിവർമ്മ കോളേജ്

1165 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കൊച്ചി സർവകലാശാലയിലെ ബജറ്റ് സ്റ്റഡി സെന്റർ

1166 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവകലാശാലയിൽ ബജറ്റ് സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്റ്റഡി സെന്റർ എന്നാണ് ആരംഭിച്ചതെന്നും ആരംഭിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബജറ്റ് സ്റ്റഡി സെന്ററിന്റെ ഇപ്പോഴത്തെ പേര് എന്താണെന്നും ഇതിന് മുൻപത്തെ പേര് എന്തായിരുന്നു വെന്നും പഴയ പേര് മാറ്റാനുണ്ടായ കാരണമെന്തെന്നും വിശദമാക്കാമോ;

(സി) ബജറ്റ് സ്റ്റഡി സെന്ററിന്റെ പഴയ പേര് നിർദ്ദേശിച്ചത് ഏത് സമിതിയാണെന്നും പുതിയ പേര് നിർദ്ദേശിച്ചത് ഏത് സമിതിയാണെന്നും വ്യക്തമാക്കാമോ; രണ്ട് സമിതിയിലെയും അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

**<u>കുസാറ്റിന്റെ കുട്ടനാട്ടിലെഎഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ കോഴ്സുകൾ</u>**

1167 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളുടെ കാലിക പ്രസക്തിയും ആവശ്യകതയും മനസ്സിലാക്കി കുസാറ്റിന് കീഴിലുള്ള കോളേജുകളിൽ ഇത്തരത്തിലുള്ള കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) കുട്ടനാട്ടിലുള്ള കുസാറ്റിന്റെ എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**<u>കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിലെ നിയമനം</u>**

1168 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.01.2018 മുതൽ 10.07.2021 വരെയുള്ള കാലയളവിൽ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ വിഭാഗങ്ങളിലായി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ നിയമനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്, ഉദ്യോഗാർത്ഥികളുടെ ജാതി, സംവരണ കാറ്റഗറി എന്നിവ ഉൾപ്പെട്ട സംവരണ റൊട്ടേഷൻ ചാർട്ടുകളുടെ കോപ്പി എന്നിവ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഈ നടപടിക്രമങ്ങളിലൂടെ നിയമനം ലഭിച്ച അദ്ധ്യാപകരുടെ പേരും ഡിപ്പാർട്ട്മെന്റും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>**

1169 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ അക്കാദമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം കോഴ്സുകളാണ് പ്രാഥമിക ഘട്ടത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്ക് സ്ഥിരം ക്യാമ്പസ് ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വിവിധ സർവ്വകലാശാലകളിൽ പേറ്റന്റ് ലഭിച്ച ഗവേഷണങ്ങൾ</u>

1170 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ എത്ര ഗവേഷണങ്ങൾക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും സർവ്വകലാശാലകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

## <u>സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം</u>

1171 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകാലശാലകളിൽ നിന്നും പെൻഷൻ ആയവരുടെ പെൻഷൻ പതിനൊന്നാം ശമ്പള കമ്മീഷനോട് അനുബന്ധമായ രീതിയിൽ പരിഷ്കരിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് സർവ്വകലാശാലകൾ സ്വന്തം റിസോഴ്സസ്സിൽ നിന്നും കണ്ടെത്തണമെന്ന സർക്കാർ ഉത്തരവുണ്ടോ;

(ബി) അപ്രകാരമുള്ള അധിക ചെലവ് സർവകാലശാലകൾക്ക് ഏത് റിസോഴ്സ് ഇനത്തിൽ നിന്നും കണ്ടെത്താൻ കഴിയുമെന്ന് അറിയിക്കുമോ ;

(സി) സർവകശാലകളുടെ ഇത്തരത്തിലുള്ള അധിക ചെലവ് നോൺ പ്ലാൻ ആയി സർക്കാർ കൂട്ടിനൽകുന്ന വ്യവസ്ഥ നിർത്തലാക്കിയിട്ടുണ്ടോ?

## <u>കോഴിക്കോട് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ</u>

1172 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ പട്ടികജാതി-പട്ടികവർഗ്ഗ അദ്ധ്യാപക നിയമനങ്ങളിൽ, പ്രസ്തുത വിഭാഗത്തിന് കെ.എസ് & എസ്.എസ്.ആർ. അനുശാസിക്കുന്ന റൊട്ടേഷൻ തെറ്റിച്ചാണ് നൽകിയതെന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) റൊട്ടേഷൻ പോയിന്റ് തെറ്റാനുള്ള കാരണം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച യൂണിവേഴ്സിറ്റിയിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ 63 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനം നടന്നപ്പോൾ ഇ.ടി.ബി വിഭാഗത്തിന് ലഭിക്കേണ്ട 9 തസ്തികകൾക്ക് പകരം 8 തസ്തികകൾ മാത്രമാണ് ലഭിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ആയത് പരിശോധിക്കുമോ?

## യുവജനങ്ങൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ

1173 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് മുഖേന നടപ്പിലാക്കുന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അസാപ് വഴി പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ; ഇത് യുവാക്കളുടെ ജോലി സാധ്യതയ്ക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി, ബാങ്കിംഗ്, ഐ.ടി, മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് ശ്രമിക്കുന്ന വിദ്യാർത്ഥികൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലെ സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യോഗ്യതയുള്ള ജീവനക്കാരുടെ സേവനവും അടിസ്ഥാന സൗകര്യങ്ങളും അസാപ് ന് വേണ്ടി ഉപയോഗിക്കുന്നത് പരിഗണയിലുണ്ടോ;

(ഇ) കോവിഡ് മഹാമാരി കാരണം ഏതുതരത്തിലാണ് അസാപ് കോഴ്സുകൾ നടപ്പിലാക്കുന്നത് എന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ;

(എഫ്) കോഴ്സുകൾക്കുള്ള ഫീ സബ്സിഡി ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ജി) അസാപ് കോഴ്സുകളിൽ കമ്പനികളിൽ ഇന്റേണഷിപ്പിന് അവസരമുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ അസാപ് കോഴ്സുകൾ നടത്തുന്നുണ്ട് എന്ന് അറിയിക്കാമോ?

## കമ്മ്യൂണിറ്റി സ്കിൽ പാർക്കിന് സ്ഥലം വിട്ടുനൽകുവാൻ നടപടി

1174 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി പേരാമ്പ്ര സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകുന്നതിന് 01.01.2020-ലെ ഉന്നതതലയോഗത്തിൽ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## ഉല്പാദന-സേവന മേഖലകളുടെ നവീകരണം

1175 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം മുകേഷ്**

**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യാപ്തിയും മികവും തത്ഫലമായി മാനവവിഭവശേഷി വികസനവും സാധ്യമായെങ്കിലും ഉല്പാദന,സേവന മേഖലകളുടെ നവീകരണത്തിന് ഇത് വഴിവെച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാനായി വ്യക്തമായ നയവും രൂപരേഖയും തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത്തരത്തിൽ ആർജ്ജിക്കുന്ന അറിവും നൈപുണ്യശേഷിയും നാടിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് പ്രയോജനപ്രദമാകുന്ന തരത്തിലും ദിശാബോധത്തോടെയുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ടോ;

(സി) രാജ്യത്തെ പ്രഥമ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ഈ ദിശയിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി

1176 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി വിപുലീകരിച്ച് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

## സാമൂഹ്യ സുരക്ഷ പെൻഷനുകൾ

1177 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പെൻഷനുകൾ ഓരോന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഏന്തൊക്കെയാണ്; ഓരോ പെൻഷനും ഇനം തിരിച്ച് വിശദാംശം നൽകാമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനെ നൽകുന്ന ചികിത്സ ധനസഹായം

1178 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകി വരുന്ന ചികിത്സാ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുവദിക്കാറുണ്ടോ;

(ബി) പ്രസ്തുത ധനസഹായം രോഗികൾക്ക് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(സി) ഏതൊക്കെ ചികിത്സകൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കുന്നതെന്നും

എത്ര രൂപയുടെ ധനസഹായം വരെ പ്രസ്തുത പദ്ധതിയിലൂടെ അനുവദിക്കുമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതിയും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നതും സംബന്ധിച്ച വിശദാംശം നൽകാമോ?

**ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള പെൻഷൻ**

1179 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷത്തിൽ അധികമായതും 50 വയസ്സിന് താഴെയുള്ളതുമായ സ്ത്രീകൾക്ക് നൽകിയിരുന്ന വിധവ പെൻഷൻ നിർത്തലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇവരുടെ വിധവ പെൻഷൻ പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്കുള്ള സഹായം**

1180 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്കും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്കും സാമൂഹ്യ നീതി വകുപ്പ് വഴി ഏതെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് പുതിയ ഏതെങ്കിലും പദ്ധതി വഴി സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**വയോജന സംരക്ഷണ പദ്ധതി**

1181 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ് വ്യാപനത്തെത്തുടർന്ന് വയോജനങ്ങൾക്ക് വേണ്ടി ആരംഭിച്ച പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) വൃദ്ധജനങ്ങൾക്ക് വാക്സിനേഷൻ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ?

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

1182 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ആശ്വാസ കിരണം പദ്ധതി

1183 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആശ്വാസ കിരണം പദ്ധതിയിലൂടെ ലഭിച്ച അപേക്ഷകളുടേയും അവയിൽ തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെയും എണ്ണം തരം തിരിച്ച് നൽകാമോ;

(ബി) പദ്ധതിയ്ക്കായി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അനുവദിച്ചിട്ടുള്ള തുകയും വിതരണം ചെയ്തിട്ടുള്ള തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്വാസ കിരണം പദ്ധതിയിൽ ഏത് വർഷം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിലെ ആശ്വാസ കിരണം പദ്ധതി ധനസഹായം

1184 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനു കീഴിൽ നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം കഴിഞ്ഞ പതിനെട്ടു മാസമായി മലപ്പുറം ജില്ലയിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരാലംബരായ രോഗികൾ കഷ്ടത അനുഭവിക്കുന്നതിനാൽ കുടിശ്ശിക തുക വിതരണം ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പുതിയ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പുകൽപ്പിക്കുവാനും സഹായം നൽകുവാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

## എൻഡോസൾഫാൻ പുനരധിവാസ വില്ലേജ്

1185 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി നിർമ്മിക്കുന്ന എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ഏത് പ്രവൃത്തിയാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇനി ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യാനുള്ളതെന്നും അതിനുള്ള നടപടികൾ ഏതു വരെയായെന്നും വിശദമാക്കാമോ?

## കൗൺസിലിംഗ് പദ്ധതി

1186 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികളും മാനസിക അസ്വസ്ഥതകളും അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ആത്മഹത്യ പ്രവണത പ്രകടിപ്പിക്കുന്ന സ്ത്രീകളെ കണ്ടെത്തുവാനും അവരെ സന്തോഷകരമായ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരുവാനും വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കുവാനും നിയമ മാർഗ്ഗത്തെ കുറിച്ച് ബോധവത്ക്കരണം നടത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിൽ എത്തിക്കുവാൻ പദ്ധതികൾ</u>**

1187 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന ട്രാൻസ്ജെൻഡറുകളെ മാനുഷിക പരിഗണന നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിന് മുൻസർക്കാരിന്റെ കാലത്ത് നടത്തിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ നിലവിലെ അവസ്ഥയും പ്രശ്നങ്ങളും സംബന്ധിച്ച് വനിതാ കമ്മീഷൻ അടക്കമുള്ള ഔദ്യോഗിക സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ആധികാരിക പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാർശ്വവൽകൃത വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് നിലവിൽ നടപ്പാക്കിവരുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

**<u>സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ</u>**

1188 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബ്ബലർക്കും അവശത അനുഭവിക്കുന്നവർക്കും രോഗികൾക്കും സാമൂഹ്യനീതി വകുപ്പിന്റ കീഴിൽ നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വിശദമാക്കാമോ;

(സി) വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികളും പെൻഷനുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(ഇ) വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളും പെൻഷനുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## വിവിധ ഐ.സി.ഡി.എസ് പ്രൊജക്ടുകളിലെ ഒഴിവുകൾ

1189 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ് പ്രൊജക്ടുകളിലെ അംഗനവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച കണക്ക് പ്രോജക്ട് തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ എന്നുമുതൽ ഉള്ളതാണെന്നും അറിയിക്കുമോ ;

(ബി) നൂറുകണക്കിന് ഒഴിവുകൾ ഉണ്ടായിട്ടും സമയബന്ധിതമായി ഇതിൽ നിയമനം നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിയമന നടപടികൾ ആരംഭിക്കുകയും ഇന്റർവ്യൂ അടക്കമുള്ളവ നടത്താൻ കഴിയാതിരിക്കുകയും ചെയ്യുന്ന പ്രോജക്ടുകളിൽ ഇന്റർവ്യൂ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) നൂറുകണക്കിന് തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുന്ന പ്രസ്തുത നിയമന പ്രക്രിയ വേഗത്തിൽ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## അംഗൻവാടികളുടെ വൈദ്യുതീകരണം

1190 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതീകരിക്കാത്ത അംഗൻവാടികൾ വൈദ്യുതീകരിക്കുമെന്ന പ്രഖ്യാപനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരമുള്ള എത്ര അംഗൻവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം

1191 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്;വിശദാംശം ലഭ്യമാക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് അടിസ്ഥാനസൗകര്യത്തിന് അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ

1192 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി സർക്കാർ തലത്തിൽ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിലായി പി. എസ്. സി മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നുള്ള വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) പി. എസ്. സി വഴി ഭിന്നശേഷിക്കാർക്കായി ഏതെങ്കിലും തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഭിന്നശേഷിക്കാർക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>ഭിന്നശേഷിക്കാർക്ക് നൽകുന്ന സംവരണം</u>**

1193 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന സംവരണം 3% ൽ നിന്ന് 4% ആയി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉത്തരവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ;

(സി) നിലവിൽ പി.എസ്.സി. നിയമനങ്ങളിൽ ഈ ഉത്തരവ് നടപ്പിലാക്കി തുടങ്ങിയോ എന്ന് അറിയിക്കുമോ?

**<u>വിഭിന്ന ശേഷിക്കാർക്കുള്ള ശ്രവണ സഹായി വിതരണം</u>**

1194 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കേൾവി പ്രശ്നമുള്ള വിഭിന്ന ശേഷിക്കാർക്ക് ക്യാമ്പുകൾ നടത്തി, ശ്രവണ സഹായി വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക്, അടിയന്തരമായി ശ്രവണ സഹായികൾ അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ സ്പെഷ്യൽ അംഗൻവാടി</u>**

1195 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ വിഭാവനം ചെയ്ത സ്പെഷ്യൽ അംഗൻവാടി എന്റോസൾഫാൻ ബാധിത പഞ്ചായത്തായ കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് ഹോസ്റ്റൽ

1196 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിന് വേണ്ടി ഒരു ഹോസ്റ്റൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മേൽപറഞ്ഞ തരത്തിലുള്ള ഒരു ഹോസ്റ്റൽ സ്ഥാപിക്കുവാൻ കഞ്ചിക്കോട് വ്യവസായ മേഖലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ സ്ഥലം ലഭ്യമാണോ; വിശദാംശം അറിയിക്കാമോ?

## ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

1197 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോൾ പ്ലാസകളിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ ദേശീയപാത അതോറിറ്റി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയ ഫാസ്റ്റാഗ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## സി.എൻ.ജി. ബസ്സുകൾ

1198 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി. ബസ്സുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കോവിഡ് പ്രോട്ടോകോൾ പാലിച്ച് പൊതുഗതാഗതം

1199 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണോ സംസ്ഥാനത്ത് ആദ്യ തരംഗം മുതൽ നാളിതുവരെ പൊതുഗതാഗത സർവ്വീസ് നടത്തിവന്നിരുന്നത്; എങ്കിൽ അത് സംബന്ധിച്ച് പാലിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അക്കമിട്ട് വിശദീകരിക്കുക;

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും പ്രവേശിക്കുമ്പോൾ മാസ്ക്, സാനിട്ടൈസർ എന്നിവ ഉപയോഗിക്കണമെന്നും സാമൂഹ്യഅകലം പാലിക്കണമെന്നും നിർബന്ധമാക്കിയിരുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(സി) പൊതുജനങ്ങളിൽ അധികവും യാത്രയ്ക്കായി ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി.

ബസുകൾ കോവിഡ് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ സാമൂഹ്യഅകലം ഒഴിവാക്കിയതെന്ന് അറിയിക്കുമോ;

(ഡി) കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച സർക്കാർ തീരുമാനങ്ങൾ ഡ്യൂട്ടിയിലായിരുന്ന സമയത്ത് നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥൻ രേഖാമൂലം ലംഘിച്ചതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം

1200 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശീലനമോ ക്ലാസ്സുകളോ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേർക്ക് പ്രസ്തുത പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്

1201 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോട് ചേർന്ന് പുതുക്കാട് കെ.എസ്.ആർ.ടി.സി. (സബ്ബ് ഡിപ്പോ) യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടി ഏതു ഘട്ടത്തിലാണെന്നും, എന്തെല്ലാം സംവിധാനങ്ങളാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

1202 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക്ക് ബസ്സുകൾ നിലവിൽ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നത്; എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## അന്തർ സംസ്ഥാന ഗതാഗത കരാറുകൾ

1203 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർ സംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കരാറുകളിൽ സ്വകാര്യ ബസ്സുകൾക്ക് അന്തർ സംസ്ഥാന പാതകളിൽ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) സ്വകാര്യ ബസുകൾക്ക് ഏത് റൂട്ടിലും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുള്ള വാഹനങ്ങളുടെ നികുതി കേന്ദ്രസർക്കാർ സ്വീകരിച്ചശേഷം സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്ന രീതിയിലേക്ക് മാറുന്നതിനായി കേന്ദ്രം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സി.എൻ.ജി. ബസുകൾ

1204 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സംവിധാനം

1205 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സ്ഥാപിക്കുമ്പോൾ സർക്കാർ വകുപ്പുകൾ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ബി) റോഡുകളിൽ നിശ്ചിത വേഗത മറികടന്ന് യാത്ര ചെയ്യുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുമ്പോൾ വേഗത കൂടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുകയെന്ന വ്യവസ്ഥ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## ടാങ്കർ ലോറി അപകടങ്ങൾ

1206 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകടം കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിൽ 2020-ൽ എത്ര ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ യൂണിറ്റിനും ഫയർഫോഴ്സിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വാഹനം ഓടിക്കുന്നവരുടെ ഫോൺ സംഭാഷണം

1207 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം ഓടിക്കുമ്പോൾ ഫോൺ ഉപയോഗിച്ച് സംസാരിച്ചാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) വാഹനം ഓടിക്കുന്നതിനിടയിൽ ഡ്രൈവർമാർ ബ്ലൂടൂത്ത് ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് വിലക്കിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ നിലവിലുള്ള ആശയക്കുഴപ്പം നീക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## റോഡ് സുരക്ഷ

1208 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളോടു ചേർന്നുള്ള നടപ്പാതകൾ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുംവിധം കയ്യേറി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രാസ്വാതന്ത്ര്യം തടയുന്ന ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹനവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഡ്രൈവറുടെ കാഴ്ച മറയ്ക്കും വിധം സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ കണ്ടെത്തി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ് സേഫ്റ്റി ഫണ്ട് പ്രവൃത്തികൾ

1209 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന്

വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി, എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

1210 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് തൊടുപുഴ- വൈക്കം റോഡിലെ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിൽ ക്യാമറാ നിരീക്ഷണം സാദ്ധ്യമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

1211 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കെ-സ്വിഫ്റ്റ് രൂപീകരണം**

1212 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ -സ്വിഫ്റ്റ് എന്ന എസ്.പി.വി. രൂപീകരണം കൊണ്ട് കെ.എസ്.ആർ.ടി.സി.യെ എപ്രകാരം രക്ഷിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇൻകം ഏണിംഗ് വിഭാഗമായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും ദുരിതത്തിലാക്കുന്ന തൊഴിൽ പരിഷ്കാരങ്ങൾ കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിലാക്കുമെന്നതിനാൽ ഇതിന്റെ പുരോഗതിക്കുതകുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

**ടിക്കറ്റിതര വരുമാനം**

1213 **ഡോ. എം.കെ . മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ഡിപ്പോകളോട് ചേർന്ന് പെട്രോൾ-ഡീസൽ പമ്പുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

## നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് കം ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ

1214 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് കം ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ ലേല നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിലമ്പൂർ മർക്കന്റൈൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എം 763 എന്ന സഹകരണ സംഘത്തിന് ലേലം ഉറപ്പിച്ചു നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സഹകരണ സംഘവുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്നത്തേക്ക് കരാർ ആകുമെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഷോപ്പിംഗ് കോംപ്ലക്സ് കം ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനലിൽ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി

1215 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ ഭാഗമായി എല്ലാവിഭാഗം ജീവനക്കാർക്കും യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## പുതിയ ബസ് റൂട്ടുകൾ

1216 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം പുതിയ ബസ് റൂട്ടുകൾ ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പച്ചോളി-കൊളാവിപ്പാലം-വടകര റൂട്ടിൽ സർവീസ് നടത്തിയിരുന്ന

കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സർവ്വീസ് പുനരാരംഭിക്കുവാൻ സാധ്യതയുണ്ടോ; വിശദമാക്കാമോ;

(സി) കൊയിലാണ്ടിയിൽ നിന്ന് ഉള്ള്യേരി, പേരാമ്പ്ര, തൊട്ടിൽപ്പാലം വഴി വയനാട്ടിലേക്ക് ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് അനുവദിക്കണമെന്ന അപേക്ഷ കോർപ്പറേഷൻ പരിഗണിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ**

1217 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ സഹകരണ സംഘങ്ങൾ വഴി നൽകുന്നതുകൊണ്ട് പലിശ ഇനത്തിൽ വരുന്ന തുക എത്രയാണ്; ഈ തുക കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ അനുവദിച്ച് നൽകിയ തുകയിൽ നിന്നാണോ നൽകുന്നത്; അറിയിക്കുമോ;

(സി) ബജറ്റിൽ പെൻഷൻ നൽകുന്നതിന് നീക്കി വെച്ചിരിക്കുന്ന തുക ഇതര വകുപ്പുകളിലേതുപോലെ ഓരോ മാസവും കൃത്യമായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം**

1218 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്?

**കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്**

1219 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ .**

1220 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

## <u>ദേശീയപണിമുടക്ക് ദിവസത്തെ ഡ്യൂട്ടി</u>

1221 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻഓൺ മുതൽ അവസാനിക്കുന്ന സൈൻഓഫ് വരെയുള്ള സമയം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 13-ാം വകുപ്പ് പ്രകാരം ജോലി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും കണക്കാക്കി ഡ്യൂട്ടി തീരുമാനിക്കുന്ന രീതിയാണോ പിന്തുടർന്നുവരുന്നത്; വ്യക്തമാക്കുമോ;

(ബി) എങ്കിൽ 25.11.2020-ന് രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് മൂന്നാറിലേക്ക് പുറപ്പെട്ട് 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ക്രൂ അംഗങ്ങൾ ആകെ എത്ര മണിക്കൂർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്രൂ അംഗങ്ങൾ ആകെ 56 മണിക്കൂർ (രണ്ട് രാത്രിയും മൂന്ന് പകലും) ഡ്യൂട്ടിയിലായിരുന്നതിന് എട്ട് മണിക്കൂർ കണക്കാക്കി എത്ര ഡ്യൂട്ടിക്കാണ് അർഹതപ്പെട്ടത്; ആയത് എപ്രകാരമെന്ന് വിശദമാക്കാമോ;

(ഡി) ദേശീയ പണിമുടക്ക് ദിവസമായിരുന്ന 26.11.2020-ന് മൂന്നാറിൽ നിന്ന് തിരികെയുള്ള സർവ്വീസ് നടത്താതിരുന്നത് പ്രസ്തുത ക്രൂ മെമ്പേഴ്സിന്റെ കൃത്യവിലോപമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ 25.11.2020-ന് ആരംഭിച്ച ഡ്യൂട്ടിയിൽ 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ തങ്ങളുടേതല്ലാത്ത കാരണത്താൽ തുടരേണ്ടിവന്ന പ്രസ്തുത ജീവനക്കാർക്ക് സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള അർഹതപ്പെട്ട ഡ്യൂട്ടികൾ അനുവദിച്ച് ഉത്തരവാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം</u>

1222 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യിലെ ക്രമക്കേടുകൾ</u>

1223 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ 2013 വരെയുള്ള ഓഡിറ്റിൽ കണ്ടെത്തിയതുൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കുമോ; കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷ ഉറപ്പാക്കുന്നതിനും നഷ്ടപ്പെട്ട തുക

വീണ്ടെടുക്കുന്നതിനുമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.

1224 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് ഒന്നാകെ അനുവദിക്കുന്ന സർക്കാരിന്റെ അവധി ദിനങ്ങളിൽ പലതും സ്ഥാപനം നഷ്ടത്തിലാണെന്നതിന്റെ പേരിൽ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി.യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയാക്കി നൽകുകയാണെങ്കിൽ സ്ഥാപനത്തിലെ കടുത്ത ജോലി നോക്കുന്ന ഇൻകം ഏണിംഗ് വിഭാഗത്തിന് കൂടി ആയതു ബാധകമാക്കാൻ നടപടി സ്വീകരിച്ച് നീതി നടപ്പാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഈ അവധി നൽകുന്നതിൽ നിന്ന് ഇതേ സ്ഥാപനത്തിലെ പ്രസ്തുത വിഭാഗത്തിനെ ഒഴിവാക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ;

(ഇ) സർക്കാരിന്റെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും കാഠിന്യമുള്ള പണി എടുക്കുന്ന വിഭാഗത്തെ ഇത്തരം ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുന്നില്ലെന്ന വസ്തുത ഗൗരവമായി പരിശോധിക്കുമോ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത അവധി ഇത്തരക്കാർക്ക് നൽകുന്നത് ഒഴിവാക്കണമെന്നുണ്ടെങ്കിൽ സ്ഥാപനത്തിന് ഒന്നാകെ രണ്ടാം ശനിയാഴ്ചയുള്ള അവധി നീക്കം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

## കെ.എസ്.ആർ.ടി.സിയിലെ പുനർനിയമനം

1225 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കെ.എസ്. ആർ.ടി.സി. യിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ എത്ര പേരെ നേരിട്ട് നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ മറ്റുസ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെട്ടവർ എത്രയെന്നും അവരുടെ മാതൃസ്ഥാപനം ഏതാണെന്നും കെ.എസ്.ആർ.ടി.സി. യിൽ ഇവർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ ആയവരിൽ ആർക്കെങ്കിലും പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുകളും പെൻഷൻ ആകുന്നതിന് മുൻപ് വഹിച്ചിരുന്ന തസ്തികയും പുനർനിയമനം നൽകിയപ്പോൾ

നൽകിയ തസ്തികയും ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ-സ്വിഫ്റ്റിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരല്ലാത്ത എത്രപേരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചുവെന്നും ഇവരുടെ മാതൃസ്ഥാപനം ഏതെന്നും ഇവർക്ക് കെ.എസ്.ആർ.ടി.സി. നൽകി വരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

1226 **ശ്രീ. പി. ടി. തോമസ്**
**ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതു കാരണം നാല്പതിനായിരത്തോളം വരുന്ന മുൻ കെ.എസ്.ആർ.ടി.സി. തൊഴിലാളികളും അവരുടെ കുടുംബങ്ങളും പ്രതിസന്ധിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂർണമായും സർക്കാർ ഫണ്ടിൽ നിന്ന് നൽകുന്ന പെൻഷൻ നേരിട്ട് നൽകാതെ ഇടനിലക്കാരായി സഹകരണ ബാങ്കുകളെ നിയോഗിച്ചിരിക്കുന്നതാണ് പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതിന്റെ കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കാലാവധി കഴിയുമ്പോൾ സഹകരണ ബാങ്കുകളുമായുള്ള കരാർ പുതുക്കലും തുടർന്ന് എല്ലാ മാസവും പെൻഷൻ ഫയലുകൾ സെക്രട്ടറിയേറ്റിലേയ്ക്കും കെ.എസ്.ആർ.ടി.സി.യിലേയ്ക്കും സർക്കുലേറ്റു ചെയ്യേണ്ടി വരുകയും ചെയ്യുന്നതിനാൽ പെൻഷൻ താമസിക്കുന്നു എന്ന ആക്ഷേപം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സാഹചര്യത്തിൽ സർക്കാർ നേരിട്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

1227 **ഡോ. മാത്യൂ കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ പ്രതിമാസ പെൻഷൻ ബാധ്യത എത്ര രൂപയാണ്; ഈ ബാധ്യത നിലവിൽ വഹിക്കുന്നത് സർക്കാരാണോ കെ.എസ്. ആർ.ടി.സിയാണോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പെൻഷൻകാർക്ക് സ്ഥിരാശ്വാസം എന്ന നിലയിലും ഒരു ശാശ്വത പരിഹാരമായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ട് അതിനനുസൃതമായി 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം(കേന്ദ്ര

നിയമം) സെക്ഷൻ 45 (1) (സി), 45എ എന്നിവ പ്രകാരം നിയമങ്ങൾ/ചട്ടങ്ങൾ രൂപീകരിക്കാമോ;

(സി) നിലവിൽ സഹകരണ ബാങ്കുകൾ വഴി ക്രമീകരിച്ചിട്ടുള്ള പെൻഷൻ വിതരണത്തിന് പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശ ബാധ്യത എത്ര രൂപയാണ്; ഈ ബാധ്യത വഹിക്കുന്നത് സർക്കാരാണോ കെ.എസ്. ആർ.ടി.സി.യാണോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിന് കെ.എസ്. ആർ.ടി.സിയും സർക്കാരും ചേർന്ന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്/സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ;

(ഇ) 2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി നിശ്ചിത കാലയളവിലേയ്ക്ക് മാത്രം മതിയാകില്ലേ; പരിശോധിച്ച് മറുപടി നൽകാമോ?

## കെ.എസ്.ആർ.ടി.സി.യിലെ ഓഡിറ്റ്

1228 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ വരവ്-ചെലവ് സംബന്ധിച്ച ഓഡിറ്റ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ ആശ്രിത നിയമനം

1229 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ ആശ്രിത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ;

(ബി) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുന്നതിന് നടപടി

1230 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുവാനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കുവാനുമുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ടി പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

1231 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് പുനരാരംഭിക്കണമെന്ന വിഷയത്തിൽ കെ.എസ്.ആർ.ടി.സി. അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഏറെ ലാഭകരമായതും പെരിന്തൽമണ്ണയിലെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് പോകുന്നവർക്ക് സഹായകരവുമായ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>വെച്ചൂചിറ-തിരുവനന്തപുരം ബസ് സർവ്വീസ്</u>

1232 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം നേരിടുന്ന പ്രദേശങ്ങളിലും പ്രധാനമായും കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിക്കുന്ന മലയോര പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി. -യുടെ പുതിയ ബസ് സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വളരെയധികം യാത്രക്കാരുള്ളതും എന്നാൽ യാത്രാക്ലേശം നേരിടുന്നതുമായ മലയോര പ്രദേശമായ റാന്നിയിലെ വെച്ചൂച്ചിറയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് ദീർഘദൂര ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസ് പൂർണ്ണമായും നിർത്താതെ യാത്രാക്ലേശം പരിഹരിക്കുവാൻ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ ദീർഘദൂര സർവ്വീസ് എന്ന രീതിയിലുള്ള ലിമിറ്റഡ് കൺട്രോൾ ഷെഡ്യൂൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുടെ പുനരുദ്ധാരണം</u>

1233 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

## <u>ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണം</u>

1234 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

1235 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും

അപകടാവസ്ഥയ്ക്കും പരിഹാരമായി ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം**

1236 **ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണത്തിനായി 2016 - 2021 കാലയളവിൽ റോഡ് ട്രാൻസ്പോർട്ട് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ബസ് സ്റ്റാൻഡ് നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

**ശങ്കരമംഗലം ബസ് സ്റ്റോപ്പ് വിപുലീകരണം**

1237 **ഡോ സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്ന, ചവറ ശങ്കരമംഗലം ജംഗ്ഷനിൽ നിന്നും കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേക്ക് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പ് വിപുലീകരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ശങ്കരമംഗലം ജംഗ്ഷനിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം**

1238 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**വടകര കെ.എസ്.ആർ.ടി.സി. ഇൻഫർമേഷൻ സെന്റർ**

1239 **ശ്രീമതി കെ.കെ.രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയത് പരിശോധിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഇൻഫർമേഷൻ സെന്ററിന്റെ സേവനം നിർത്തലാക്കിയത് കാരണം ദൂരദേശങ്ങളിൽ നിന്നും വരുന്നവർക്കും മറ്റ് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി. സേവനങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് പൊതുഗതാഗത സൗകര്യങ്ങൾ അപ്രാപ്യമായ ഈ കോവിഡ് കാലത്ത് ഇത്തരം ഇൻഫർമേഷൻ സെന്ററുകൾ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും എന്ന്

സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഇൻഫർമേഷൻ സെന്റർ പുനസ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടം

1240 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടത്തിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നവീകരണം

1241 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ സമഗ്രമായ നവീകരണത്തിന്റെ ഭാഗമായി ബഹുനിലമന്ദിരം, കാത്തിരിപ്പ് കേന്ദ്രം, വനിതകൾക്കുള്ള വിശ്രമ മുറി, ജലലഭ്യതക്ക് പുതിയ കിണർ, റാമ്പ് ഉൾപ്പെടെ ടാർ ചെയ്ത ബസ് പാർക്കിംഗ് സൗകര്യം എന്നിവ നിർമിക്കാൻ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ്

1242 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ആലിഫ് ബിൽഡേഴ്സിന് മുപ്പത് വർഷത്തേക്ക് ലീസിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് നിലനിൽക്കുന്ന പ്രദേശങ്ങളിൽ നൂറു മുതൽ നൂറ്റമ്പതു രൂപ വരെ സ്ക്വയർ ഫീറ്റിന് വാടക ലഭിക്കുമെന്നുള്ളപ്പോൾ ഇതിന്റെ പത്തിലൊന്ന് സ്ക്വയർ ഫീറ്റ് നിരക്കിന് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ലീസിന് നൽകാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി അഞ്ച് വർഷം കഴിഞ്ഞിട്ടും മാർക്കറ്റ് നിരക്കിൽ മറ്റാരും കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത് നിർമ്മാണത്തിലെ പിഴവ് കാരണമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ?

## ഹരിപ്പാട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി

1243 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പുതിയ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഹരിപ്പാട് ഡിപ്പോയിൽ നിന്നുള്ള എത്ര സർവ്വീസുകളാണ് വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ;

(ബി) ഇവിടെ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളാണ് മറ്റ് ഡിപ്പോകളിലേക്ക് മാറ്റിയതെന്നും ഇതിന്റെ കാരണമെന്തെന്നും അറിയിക്കാമോ;

(സി) ഇതിന്റെ ഫലമായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തിരുവനന്തപുരം-മറയൂർ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

1244 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മറയൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) മറയൂരിൽ നിന്നും കാന്തല്ലൂരിലേക്ക് പ്രസ്തുത സർവ്വീസ് നീട്ടുന്നതിനെ സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് മറയൂരിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നും പിൻവലിച്ച ബസ്സുകൾ തിരികെ എത്തിക്കുവാൻ നടപടി

1245 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ബസ്സുകളാണ് സർവീസ് നടത്തുന്നത്; വ്യക്തമാക്കാമോ;

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും ബസ്സുകൾ മറ്റു ഡിപ്പോകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മറ്റു ഡിപ്പോകളിലേക്കു ബസ്സുകൾ മാറ്റുന്നത് മൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുഗതാഗത സംവിധാനത്തെ ബാധിക്കുകയും യാത്രാക്ലേശം അതിരൂക്ഷമാവുകയും ചെയ്യുമെന്നതിനാൽ ബസ്സുകൾ പിൻവലിച്ച നടപടി മരവിപ്പിച്ച് ബസുകൾ തിരികെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വടക്കാഞ്ചേരി ബസ് സ്റ്റേഷൻ

1246 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഴാനി ഡാം, പൂമല ഡാം, ചെപ്പാറക്കുന്നുകൾ, വിലങ്ങൻകുന്ന്, അടാട്ട് കോൾ നിലങ്ങൾ എന്നിവ ബന്ധപ്പെടുത്തി ആതിരപ്പിള്ളി മാതൃകയിൽ ടൂറിസം ലക്ഷ്യമാക്കി കെ.എസ്.ആർ.ടി.സി. കണ്ടക്ടഡ് ടൂർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി</u>**

1247 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് എത്ര ജീവനക്കാർക്കെതിരെയാണ് അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>പിറവം മണ്ഡലത്തിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്</u>**

1248 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വാഹന രജിസ്ട്രേഷൻ നടത്തുന്നതിനായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പിറവം കേന്ദ്രമാക്കി ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആംരഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഇ-ചെലാൻ സോഫ്റ്റ്‌വെയർ</u>**

1249 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് എന്നു മുതലാണ് ഇ-ചെലാൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത് ; ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ പദ്ധതി പ്രകാരം പിഴ ഇനത്തിൽ എത്ര തുക ഈടാക്കി; കുടിശ്ശിക ആയ തുക എത്രയാണ്;

(സി) മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാഹന ഡീലർമാർക്ക്, സർക്കാരിലേക്ക് നൽകേണ്ടതായ ഫീസ്, ടാക്സ് എന്നിവ നൽകാതെ രജിസ്ട്രേഷൻ നടപടി നടത്താൻ ഈ സോഫ്റ്റ്‌വെയറിൽ വ്യവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ട്രാൻസ്പോർട്ട് വാഹനങ്ങൾ നേരിട്ട് പരിശോധിക്കാതെ ഫിറ്റ്നസ് നൽകാൻ

വ്യവസ്ഥ ഇല്ലാതിരിക്കെ പുതിയ വാഹനങ്ങൾക്ക് ഓൺലൈനായി ഫിറ്റ്നസ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം

1250 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

1251 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ;

(സി) വകുപ്പിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

1252 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഈ തസ്തികയുടെ യോഗ്യതയിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരളാ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## നാദാപുരം സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്

1253 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൻ കീഴിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന മലയോര മേഖലയായ നാദാപുരം കേന്ദ്രികരിച്ച് സബ്

റീജണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ?

## മഞ്ചേശ്വരം ആർ.ടി.ഒ. ഓഫീസ്

1254 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ രൂപീകൃതമായ മഞ്ചേശ്വരം താലൂക്കിൽ ആർ.ടി.ഒ. ഓഫീസ് തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മഞ്ചേശ്വരം ആർ.ടി.ഒ. ഓഫീസിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാകുമോയെന്ന് വിശദമാക്കുമോ?

## കുന്നംകുളത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

1255 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഇലക്ട്രിക് വാഹനങ്ങൾ

1256 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ലഘൂകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഫോസിൽ ഇന്ധനങ്ങളുടെ വിലവർദ്ധനവ് കാരണം ബുദ്ധിമുട്ടിലായ ജനങ്ങൾക്ക് ഈ പദ്ധതികൾ എങ്ങനെ പ്രയോജനപ്പെടും എന്ന് വ്യക്തമാക്കാമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) ഇലക്ട്രിക്ക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാനത്ത് നിലവിലുള്ള വാഹന ചാർജിംഗ് സ്റ്റേഷനുകളെക്കുറിച്ചും എത്ര ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നതിനെക്കുറിച്ചും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ;

(ഇ) നിലവിൽ ഫോസിൽ ഇന്ധങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ;

(എഫ്) സർക്കാർ വകുപ്പുകളിലേക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ജി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇലക്ട്രിക് ബസ്സുകളാക്കി മാറ്റാനുള്ള പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

## സി.എൻ.ജി. വാഹനങ്ങളുടെ ഉപയോഗം

1257 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം വൈദ്യുതി, സി.എൻ.ജി. എന്നിവ ഉപയോഗിച്ചുള്ള വാഹനങ്ങളിലേക്ക് മാറുന്നതുമൂലം ഉണ്ടാകുന്ന സാമ്പത്തിക ലാഭവും മറ്റ് പ്രയോജനങ്ങളും എന്തൊക്കെയാണെന്ന് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പെട്രോൾ, ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി, സി.എൻ.ജി. വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

## ലോക്ക്ഡൗൺ

1258 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ മുതൽ സർവ്വീസ് നിർത്തിവെച്ച കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ ടൂറിസ്റ്റ് ബസ്സുടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ബസ്സുടമകളുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## നികുതി ഇനത്തിലെ നഷ്ടം

1259 **ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, ബാങ്കുകൾ എന്നിവ വ്യാപകമായി കരാർ അടിസ്ഥാനത്തിൽ സ്വകാര്യ വാഹനങ്ങളെ ടാക്സിയായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ടോ;

(സി) ഇപ്രകാരം നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

## സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്

1260 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും

സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; പ്രസ്തുത സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

**ജലഗതാഗത വകുപ്പിലെ വിശേഷാൽ ചട്ടം**

1261 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിങ് ആൻഡ് ഡോക്ക്റിപ്പയർ വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടം [ജി.ഒ (പി) നം. 2925/01/2004/ട്രാൻസ് തീയതി 15/07/2007] ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ ?

**തൃശ്ശൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

1262 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച അനുവദിച്ച തുക എത്രയാണ് ; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം**

1263 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി തയ്യാറാക്കുമോ;

(സി) പദ്ധതിയ്ക്ക് സ്ഥലം ലഭ്യമല്ലാത്തിടങ്ങളിൽ സ്ഥലം വാങ്ങി സൗകര്യം ഒരുക്കാൻ കഴിയുമോ?

**വിദ്യാർത്ഥികൾക്ക് കായിക വിനോദങ്ങൾ**

1264 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ പ്രൈമറി തലം മുതൽ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശീലന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം**

1265 **ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ നിർവഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കായിക രംഗത്തെ യശസ്സ് നിലനിർത്തുന്നതിന് നടപടികൾ**

1266 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്;

(ബി) കായിക പ്രതിഭകളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എല്ലാ ജില്ലയിലും ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**കായിക താരങ്ങൾക്കുള്ള പരിശീലന കേന്ദ്രം**

1267 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക രംഗത്ത് മികച്ച അത് ലറ്റുകളെ പ്രത്യേകിച്ചും വനിതാ താരങ്ങളെ സംഭാവന ചെയ്ത സംസ്ഥാനം പുതിയ താരങ്ങളെ സൃഷ്ടിക്കുന്നതിൽ പിന്നോക്കം പോകുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) കായിക വകുപ്പ് താരങ്ങളെ വാർത്തെടുക്കുന്നതിന് പകരം ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റിൽ മാത്രം ഒതുങ്ങി പോകുന്നുവെന്ന അഭിപ്രായമുണ്ടോ;

(സി) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് മികച്ച പരിശീലനം നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഡി) മികച്ച താരങ്ങളെ സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി വനിതകൾക്കു മാത്രമായി അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്പോർട്സ് പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

**കായിക താരങ്ങളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്**

1268 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല തലത്തിൽ കായിക താരങ്ങളായ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേസ് മാർക്ക് മത്സരങ്ങൾ നടക്കാത്തതുമൂലം ലഭിക്കാത്തതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് തുടർന്നുള്ള പഠനത്തിൽ സ്പോർട്സ് ക്വോട്ട റിസർവേഷൻ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം**

1269 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ പരിപാലിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**കായിക രംഗത്തെ മേധാവിത്വം വീണ്ടെടുക്കാൻ പദ്ധതി**

1270 **ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന മേധാവിത്വം വീണ്ടെടുക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കോവിഡ് പ്രതിസന്ധി മൂലം പരിശീലനം നിലച്ചത് കായികതാരങ്ങളുടെ ഭാവി പ്രകടനത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്; വിശദമാക്കുമോ?

**റാന്നിയിൽ സ്പോർട്സ് അമെനിറ്റീസ് സെന്റർ**

1271 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര /ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അമെനിറ്റീസ് സെന്ററിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര മേഖലയിലെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്ന് കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും വാർത്തെടുക്കുന്നതിനും ഒരു സ്പോർട്സ് അമെനിറ്റീസ് സെന്റർ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## അടിസ്ഥാന കായിക വിദ്യാഭ്യാസം

1272 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അടിസ്ഥാന കായികവിദ്യാഭ്യാസ വികാസം, കായിക സാക്ഷരത എന്നിവ രൂപീകരിക്കുന്നതിലും നേടിയെടുക്കുന്നതിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ് കാലഘട്ടത്തിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുവാൻ കായിക വകുപ്പ് ഏതെങ്കിലും പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിനായി പരിപാടി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനം

1273 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ ജില്ല സ്പോർട്സ് കോംപ്ലക്സിൽ ഹോക്കി ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, സിന്തറ്റിക് ട്രാക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

## കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

1274 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നടുവണ്ണൂർ വോളിബോൾ അക്കാദമി

1275 **ശ്രീ. കെ.എം.സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) അക്കാദമിയിൽ കായിക താരങ്ങൾക്ക് പരിശീലനം ആരംഭിക്കുന്നതിനായി എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്; ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

## എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം പദ്ധതി

1276 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ മാർഗ്ഗരേഖയും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലുള്ള കളിസ്ഥലങ്ങളുടെ നവീകരണവും വികസനവും ഈ പദ്ധതിയിലൂടെ സാധ്യമാക്കാൻ കഴിയുമോ; ചുരുങ്ങിയത് എത്ര വിസ്തീർണ്ണമുള്ള കളിസ്ഥലങ്ങളാണ് പദ്ധതിക്കായി തെരഞ്ഞെടുക്കാറുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര തുകയാണ് ഓരോ കളിക്കളങ്ങളുടെയും വികസനത്തിനായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള പദ്ധതി ഏത് ഏജൻസി വഴിയാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

## ഉപ്പള മണ്ണംകുഴി സ്റ്റേഡിയം

1277 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ആധുനിക രീതിയിലുള്ള കളിസ്ഥലങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മംഗൽപാടി പഞ്ചായത്തിലെ ഉപ്പള മണ്ണംകുഴി സ്റ്റേഡിയം ആധുനിക രീതിയിൽ നവീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം

1278 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) മാവേലിക്കര തഴക്കരയിലെ പഴഞ്ചിറക്കുളം നവീകരിച്ച് നീന്തൽ പരിശീലനത്തിന് ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം

1279 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പാറശ്ശാല മണ്ഡലത്തിലെ ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണത്തിന്റെ ഒന്നാം ഘട്ട പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) രണ്ടാംഘട്ട പ്രവൃത്തികൾക്കായി 2020-21 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ഫണ്ട് അനുവദിക്കുമെന്ന് അറിയിച്ചിരുന്നതിന്മേൽ കായിക വകുപ്പ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം

1280 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികളിൽ എത്ര പേർ പങ്കെടുത്തിട്ടുണ്ടെന്നും ഇതിലാർക്കാണ് പ്രവൃത്തിയുമായി ബന്ധപ്പെട്ട നിർമ്മാണ ചുമതല നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ നടപടികൾക്ക് വേഗത്തിൽ അംഗീകാരം നൽകി സ്റ്റേഡിയ നിർമ്മാണം ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

## അരീക്കോട് സ്റ്റേഡിയം നിർമ്മാണം

1281 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) ഈ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് പദ്ധതിക്കു പകരമായി സ്വാഭാവിക പുൽത്തകിടിയും ജലസേചന സൗകര്യവും ഏർപ്പെടുത്തണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ മണ്ഡലത്തിന്റെ സമഗ്ര കായിക വികസനത്തിന്റെ ഭാഗമായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>നെന്മാറയിൽ മിനി സ്റ്റേഡിയം</u>

1282 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കായിക വിദ്യാർത്ഥികൾക്കും മറ്റും പരിശീലനം നടത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ സ്റ്റേഡിയം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിന് പരിഹാരം കാണുന്നതിനായി നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം</u>

1283 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നിർമ്മിച്ച /നിർമ്മാണം ആരംഭിച്ച മൾട്ടി പർപ്പസ്/ഇൻഡോർ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ; ഓരോ സ്റ്റേഡിയത്തിനും ചെലവാക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

## <u>ഹരിപ്പാട് ഗവ. സ്കൂൾ ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം</u>

1284 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഹരിപ്പാട് ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## <u>കേന്ദ്ര സർക്കാർ സഹായത്തോടെ സ്റ്റേഡിയം നിർമ്മാണം</u>

1285 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഏതെങ്കിലും പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്;

(സി) കേന്ദ്ര സർക്കാർ പ്രോജക്ടായ ഖേലോ ഇന്ത്യയിൽ സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം പ്രോജക്ട് ടി പദ്ധതിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ അനുമതിക്കായി സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## <u>സ്റ്റേഡിയങ്ങളുടെ നിർമ്മാണം</u>

1286 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളവയുടെ വിവരം ലഭ്യമാക്കാമോ;

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്തവയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ച് വിശദമാക്കാമോ?

**കോതമംഗലം പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം**

1287 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈമൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) എത്ര പേർ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ടെന്നും ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഇ) സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിലെ ടർഫ്**

1288 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ കിഫ്ബി ഫണ്ട് വഴി പണി ആരംഭിച്ച എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിൽ നേരത്തേ ഉണ്ടായിരുന്നതും ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ളതുമായ ഇലവൻസ് ടർഫ് ഗ്രൗണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

**ഗ്രാമപഞ്ചായത്തുകളിൽ പൊതു കളിസ്ഥലം**

1289 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലത്തിനായി സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥലമില്ലെങ്കിൽ മറ്റു വകുപ്പുകളുടെ

ഉപയോഗശൂന്യമായ സ്ഥലത്ത് വകുപ്പുതല ഡെസ്റ്റിനേഷൻ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഇരുമ്പിളിയത്ത് സ്റ്റേഡിയം നിർമ്മാണം

1290 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഡിയം ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കായികവികസന പദ്ധതികൾ

1291 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കാനും നിലവിലുള്ള സ്റ്റേഡിയം നവീകരിക്കാനും കായികവകുപ്പ് ഏതെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതിയും വ്യക്തമാക്കാമോ;

(ഡി) കായിക വകുപ്പിന്റെ സഹായത്തോടെ പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് പേരുൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കാമോ; കായികവകുപ്പിൽ നിന്നുള്ള സഹായം കൂടാതെ മറ്റേതെല്ലാം സഹായങ്ങൾ ഈ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയം

1292 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നെഹ്റു ട്രോഫി അടക്കമുള്ള ദേശീയ, അന്തർ ദേശീയ നിലവാരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുമോ?

**ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം**

1293 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വസ്തു സംബന്ധമായ എല്ലാ നടപടികളും ആലപ്പുഴ നഗരസഭ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്; നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അടിയന്തരമായി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഭരണിക്കാവ്, കണ്ടല്ലൂർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

1294 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവ.യു.പി.എസ്.-ലെ സ്റ്റേഡിയം, കണ്ടല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**നെയ്യാറ്റിൻകര പരുത്തിയൂർ സ്റ്റേഡിയം**

1295 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2020-21 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് പരുത്തിയൂർ സ്റ്റേഡിയത്തിൽ കായിക വകുപ്പിലെ ഫയൽ നം. എ3/282/2020 പ്രകാരമുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകിരിച്ചിട്ടുണ്ടോ;

(ബി) ഡി.പി.ആർ. പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് പരുത്തിയൂർ സ്റ്റേഡിയത്തിൽ ചെയ്യുന്നതെന്ന് വിശദമാക്കാമോ; നിർമ്മാണ പ്രവൃത്തി നടത്തുന്നതിനു ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

**കായിക താരങ്ങൾക്ക് തൊഴിൽ**

1296 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവ് തെളിയിച്ച കായിക താരങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് തൊഴിൽ

നൽകിയെന്ന വിശദാംശം നൽകാമോ?

**കായിക താരങ്ങൾക്ക് ജോലി**

1297 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും വിവിധ തസ്തികകളിൽ ജോലി നൽകിയിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശം നൽകാമോ?

**നെറ്റ് ബോൾ കളിക്കാർക്ക് പി.എസ്.സി. നിയമനത്തിൽ ഗ്രേസ് മാർക്ക്**

1298 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നിവയിലെ മത്സര ഇനമായ നെറ്റ് ബോൾ കളിക്കാർക്ക് പി.എസ്.സി. നിയമനങ്ങളിൽ അർഹമായ ഗ്രേസ് മാർക്ക് ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. നിയമനങ്ങളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള കായിക ഇനങ്ങളിൽ നെറ്റ് ബോൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**മികച്ച കായിക താരങ്ങൾക്ക് സർക്കാർ നിയമനം**

1299 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കായിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കായികതാരങ്ങളിൽ തൊഴിലില്ലാത്തവരെ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരിലെ മികച്ച കായികതാരങ്ങളിൽ തൊഴിലന്വേഷകരായി എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ; മികച്ച താരങ്ങൾക്ക് സർക്കാർ മേഖലയിൽ നിയമനം നൽകുന്ന പദ്ധതി എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്;

(സി) ഇവരിൽ എത്ര പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു; ഇവർക്ക് എപ്പോൾ വിവിധ മേഖലകളിൽ തൊഴിൽ നല്കുമെന്ന് വ്യക്തമാക്കുമോ?

**ദേശീയ ഗെയിംസിൽ മെഡൽ നേടിയ താരങ്ങൾക്ക് ജോലി**

1300 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് ഇനി ജോലി നൽകാനുണ്ട്; വിശദവിവരം നൽകാമോ?

**കോവിഡ് പശ്ചാത്തലത്തിൽ കായിക പരിശീലനം**

1301 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ്

തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളുൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലെ കായിക പരിശീലനം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അത് കായിക താരങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിക്കുവാൻ സാദ്ധ്യതയുണ്ടോ;

(ബി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിൽ ജല കായിക പദ്ധതികൾ**

1302 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ കയാക്കിംഗ്, യാച്ചിംഗ് ഉൾപ്പെടെയുള്ള കായിക വിഭാഗങ്ങളുടെ സാധ്യതകൾ കണക്കിലെടുത്ത് ഇവയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

**കായംകുളം കായലോര ടൂറിസം കേന്ദ്രത്തിൽ ഓപ്പൺ ജിംനേഷ്യം**

1303 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോരത്ത് പൂർത്തീകരിച്ച കായലോര ടൂറിസം കേന്ദ്രത്തിൽ പൊതുജനങ്ങൾക്കായി ഒരു ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

1304 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായിക വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**കായിക വകുപ്പിന്റെ ലോക്ക്ഡൗൺ കാലത്തെ പ്രവർത്തനം**

1305 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ പ്രവർത്തനം കോവിഡ് കാലത്ത്എത്രത്തോളം ഗുണപരമായി നടത്താൻ കഴിഞ്ഞുവെന്ന് വിശദീകരിക്കാമോ;

(ബി) ലോക്ക്ഡൗൺ കാലത്ത് വീട്ടിലടയ്ക്കപ്പെട്ട ജനതയ്ക്ക് ടി. വി., നവമാധ്യമങ്ങൾ വഴി മാനസികമായ ഉണർവ്വ് ലഭിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകുവാൻ കായിക വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

**സ്പോർട്സ് ആക്ട് പരിഷ്കരണം**

1306 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ആക്ട് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ്</u>

1307 **ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വഖഫ് ബോർഡിന്റെ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബോർഡ് അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## <u>വഖഫ് ബോർഡിന്റെ പ്രവർത്തനം</u>

1308 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വഖഫ് ബോർഡിലെ സി.ഇ.ഒ. നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വഖഫ് വസ്തുവകകൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും ബോർഡിന്റെ വിവിധ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>പാസഞ്ചർ ട്രെയിനുകളുടെ സ്റ്റോപ്പുകൾ</u>

1309 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കണ്ണൂർ, കോയമ്പത്തൂർ - മംഗലാപുരം തുടങ്ങിയ റൂട്ടുകളിലെ പാസഞ്ചർ ട്രെയിനുകളുടെ നിലവിലുള്ള സ്റ്റോപ്പുകൾ എടുത്തു കളയുന്നതിനെതിരെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റോപ്പുകൾ ഒഴിവാക്കുന്നതിലൂടെ വർഷങ്ങൾ പഴക്കമുള്ള ഈ റൂട്ടിലെ പല ചെറു സ്റ്റേഷനുകളും നാമാവശേഷമാകുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## രാജ്യ റാണി എക്സ്പ്രസ്സ്

1310 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ നിന്ന് ആരംഭിക്കുന്ന രാജ്യ റാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ നിന്നും നീട്ടുന്നത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## രാജ്യറാണി എക്സ്പ്രസ്സ്

1311 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ റീജണൽ കാൻസർ സെന്ററിലേക്കുള്ള രോഗികൾ ഉൾപ്പെടയുള്ള യാത്രക്കാർ സ്ഥിരമായി ആശ്രയിക്കുന്ന നിലമ്പൂർ - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലേക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ;

(ബി) യാത്രക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ട്രെയിനിൽ കൂടുതൽ എ.സി., നോൺ എ. സി. കോച്ചുകൾ അനുവദിക്കുന്ന വിഷയം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

## കെ - റെയിൽ പദ്ധതി

1312 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ലാഭകരമാണെന്ന് കണ്ടെത്തിയ ഫെറോക്കിൽ നിന്നും കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി അങ്ങാടിപ്പുറം വരെയുള്ള റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് അറിയിക്കാമോ?

## ഭൂമിക പദ്ധതി

1313 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഭൂമിക- അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) മൃഗസംരക്ഷണ മേഖലയിലുള്ള എത്ര കുടുംബങ്ങളെ നാളിതുവരെ ഈ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങളെ രജിസ്റ്റർ ചെയ്യാനുണ്ടെന്നും അറിയിക്കാമോ;

(സി) പ്രളയ സമയത്ത് ഈ പദ്ധതി ഏതെല്ലാം രീതിയിലാണ് പ്രയോജനപ്പെടുത്താൻ സാധിച്ചത് എന്നറിയിക്കാമോ?

**<u>ജന്തുജന്യ രോഗങ്ങൾ</u>**

1314 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>കുളമ്പ് രോഗ വ്യാപനം</u>**

1315 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുളമ്പ് രോഗം പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് പ്രതിരോധ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

1316 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷീര സഹകരണസംഘങ്ങൾ</u>**

1317 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, ചെങ്കൽ, തിരുപുറം, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി എത്ര ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ഈ പ്രദേശങ്ങളിലെ ക്ഷീര സംഘങ്ങളുടെ പേരും നമ്പരും സ്ഥലവും നഗരസഭ, പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2021 മാർച്ച് വരെ ഏതൊക്കെ ക്ഷീര സംഘങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്; അവയുടെ പേരു വിവരവും നൽകിയ തുകയും അറിയിക്കാമോ?

**<u>മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

1318 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## വളർത്തുമൃഗങ്ങൾക്ക് ആന്ത്രാക്സ് രോഗം പകരാതിരിക്കാൻ നടപടി

1319 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആനക്കട്ടിയിൽ ആന്ത്രാക്സ് ബാധിച്ച് കാട്ടാന ചരിഞ്ഞ സംഭവത്തെ തുടർന്ന് വളർത്തു മൃഗങ്ങൾക്ക് രോഗം പകരാതിരിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ആനക്കട്ടി, വാളയാർ തുടങ്ങിയ ചെക്പോസ്റ്റുകൾ വഴി വരുന്ന കന്നുകാലികളിൽ പരിശോധന നടത്തുവാൻ തമിഴ്നാട് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

1320 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകർക്ക് പലിശരഹിത വായ്പകളും പാവപ്പെട്ട കർഷകർക്ക് സൗജന്യമായി കോഴി, താറാവ്, പശു, ആട്, പോത്ത് എന്നിവ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കുടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ

1321 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കുടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; എ.എച്ച്.ഡി. 8517/2018/ സി2 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

1322 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും അറിയിക്കാമോ ?

## മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ

1323 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## പൗൾട്രി ഫാമുകളുടെ ഉത്പാദനക്ഷമത

1324 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ഫാമുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സ്ഥിരമായി ഡോക്ടർമാരില്ലാത്ത മൃഗാശുപത്രികൾ

1325 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) ഇവിടങ്ങളിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പാവറട്ടി മൃഗാശുപത്രിയുടെ ഉപകേന്ദ്രം

1326 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി മൃഗാശുപത്രിയുടെ കീഴിലുള്ള കൈതമുക്കിലെ ഉപകേന്ദ്രം ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉപകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഉപകേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുവേണ്ട അടിയന്തര നടപടി

സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കുവാൻ നടപടി

1327 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിമൃഗാദികളിലെ രോഗബാധയുടേയും രോഗവ്യാപനത്തിന്റെയും ജന്തുജന്യരോഗങ്ങളുടേയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൃഗാശുപത്രികളുടെ പ്രവർത്തനം നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മൃഗാശുപത്രികളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജനകീയ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാർ ആരംഭിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ എന്ന പദ്ധതി കൂടുതൽ മൃഗാശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) മൃഗഡോക്ടർമാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളും ചികിത്സാ ഉപകരണങ്ങളും നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

## വെറ്റിനറി ഡോക്ടർമാരുടെ രാത്രികാല സേവനം

1328 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കിക്കൊണ്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി നിലവിൽ എത്ര ബ്ലോക്കുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇനി എത്ര പേരെ നിയമിക്കാനുണ്ട്;

(സി) പ്രസ്തുത സംവിധാനം സുഗമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കന്നുകാലികൾക്ക് വാക്സിനേഷൻ നൽകുന്നതിലെ ഉദ്യോഗസ്ഥതല വീഴ്ച

1329 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ പല മേഖലകളിലും കുളമ്പ് രോഗം മൂലം കന്നുകാലികൾ

വ്യാപകമായി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കന്നുകാലികൾക്ക് യഥാസമയം വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന കർഷകരുടെ പരാതിയിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(സി) തെരഞ്ഞെടുപ്പിന്റെയും മറ്റും പേര് പറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണവും വകുപ്പുതല നടപടിയും സ്വീകരിക്കുമോ;

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ കുളമ്പ് രോഗത്താൽ മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാമോ?

## ചാലക്കുടി മൃഗാശുപത്രിയിലെ ചികിത്സാ സംവിധാനങ്ങൾ

1330 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മൃഗാശുപത്രിയിൽ സ്കാനിംഗ്, എക്സ്റേ, ലബോറട്ടറി സംവിധാനങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊരട്ടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

1331 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി മൃഗാശുപത്രിയുടെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കൊരട്ടി മൃഗാശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി അപ്ഗ്രഡേഷൻ

1332 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി, മേഖല ലബോറട്ടറി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## മൃഗാശുപത്രി കെട്ടിടം നിർമ്മാണം

1333 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-

ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കോട്ടുകാൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലെ നിയമനങ്ങൾ

1334 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ നിയമിച്ചത് പി.എസ്.സി./എംപ്ലോയ്മെന്റ്/ കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പ്രകാരമായിരുന്നോ; വിശദമാക്കാമോ;

(സി) ഒഴിവുകൾ സംബന്ധിച്ച പരസ്യം ഏതെല്ലാം പത്രങ്ങളിലാണ് നൽകിയിരുന്നത്; വിശദമാക്കാമോ;

(ഡി) ഇപ്പോൾ നിയമനം ലഭിച്ചവർ മുൻപ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടോ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

## മൃഗഡോക്ടർമാരുടെ അപര്യാപ്തത

1335 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ നിലവിൽ മൃഗഡോക്ടർമാർ ഇല്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ടെന്ന വിശദാംശം നൽകാമോ;

(ബി) മൃഗഡോക്ടടർമാർ ഇല്ലാത്ത മൃഗാശുപത്രികളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

1336 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ തീറ്റപ്പുൽ കൃഷി

1337 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടത്തുന്നുവെന്ന്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് തീറ്റപ്പുൽ കൃഷി നടത്തുന്നത് എന്ന് വിശദീകരിക്കാമോ;

(സി) കിലോമീറ്ററുകളോളം വിസ്തൃതിയുള്ളതും കടലാക്രമണ ഭീഷണി ഇല്ലാത്തതുമായ ചാവക്കാട് മുതൽ പുന്നയൂർ വരെയുള്ള പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിഗണിക്കുമോ; ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ</u>**

1338 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ക്ഷീരവികസന മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**<u>സംസ്ഥാനത്തെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദന വർദ്ധനവ്</u>**

1339 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി സമയത്ത് സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; തൊഴിലില്ലായ്മ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) മൃഗപരിപാലനം വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് വെറ്റിനറി ക്ലിനിക്കുകളിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വളർത്തു മൃഗങ്ങൾക്ക് ഫ്ലൂയിഡ് തെറാപ്പി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ മറ്റ് കേസുകൾ യഥാസമയം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഇ) മൃഗപരിപാലനത്തിന് ആവശ്യമായ മരുന്നുകൾ ക്ലിനിക്കുകളിൽ ഉറപ്പ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എഫ്) ഇറച്ചിയുടെയും പാലിന്റെയും ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

## ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

1340 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ക്ഷീരവികസന വകുപ്പ് ക്ഷീരകർഷക ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

## ക്ഷീരഗ്രാമം പദ്ധതി

1341 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദന മേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീര ഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര ഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ക്ഷീരവികസന വകുപ്പുമുഖേന തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കോവിഡ് കാലത്തെ അധിക ക്ഷീരോത്പാദനം

1342 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വയനാട് ജില്ലയിൽ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് വർദ്ധിച്ചുവെങ്കിലും വിപണി കണ്ടെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ക്ഷീരകർഷകരിൽ നിന്നും സൊസൈറ്റികളിൽ നിന്നും മിൽമ ശേഖരിക്കുന്ന പാലിന് വയനാട് ജില്ലയിൽ കൺവർഷൻ ചാർജ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

പ്രസ്തുത ചാർജ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ക്ഷീരോല്പ്പാദനത്തിൽ സ്വയം പര്യാപ്തത**

1343 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷം വകുപ്പ് നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുവാനും ക്ഷീരോല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പഞ്ചായത്തടിസ്ഥാനത്തിൽ ഡയറി സോണുകൾ രൂപീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ക്ഷീരസംഘങ്ങളുടെ നവീകരണപദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരവികസന മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

**പാലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി**

1344 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

**ക്ഷീരോത്പാദന പദ്ധതികൾ**

1345 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരോത്പാദന വർദ്ധനവിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള ഫീഡ്സിന്റെ പ്രവർത്തനങ്ങൾ

1346 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ വി ജോയി**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉത്പാദന സംവിധാനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഉയർന്ന പാലുത്പാദനം സാധ്യമാക്കുന്നതിനും പാലിന്റെ ഗുണമേന്മ, കന്നുകാലികളുടെ പ്രത്യുൽപ്പാദനക്ഷമത, ആരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി കെ. എഫ്. ഡയറി റിച്ച് പ്ലസ് ഉത്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സങ്കരയിനം പശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തി പാലുത്പാദന ശേഷി വർദ്ധിപ്പിക്കുന്ന കെ. എഫ്. എലൈറ്റ് ഉത്പന്നങ്ങൾക്കുള്ള ആവശ്യകത വർദ്ധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഉത്പന്ന വൈവിധ്യവൽക്കരണത്തിനും വിലസ്ഥിരതയ്ക്കും കേരള ഫീഡ്സ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

1347 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെന്ന് വ്യക്തമാക്കാമോ?

## ക്ഷീരമേഖലയുടെ വികസനം

1348 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമപദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം അറിയിക്കാമോ;

(ബി) ഗ്രാമീണമേഖലയിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് മായം കലർന്ന പാലും പാലുത്പന്നങ്ങളും സംസ്ഥാനത്ത് എത്തിച്ച് വിപണനം നടത്തുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പാറശ്ശാലയിൽ ആരംഭിച്ച ക്ഷീരപരിശോധന ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം

വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി</u>**

1349 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം നിലവിലുള്ളതിനാൽ സംസ്ഥാനത്തെ പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉപയോഗ ശേഷം പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിന് മിൽമ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്നറിയിക്കാമോ;

(സി) പ്ലാസ്റ്റിക് നിരോധനത്തിന് ശേഷവും സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾ പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>സംസ്ഥാനത്തെ പാൽ സംഭരണം</u>**

1350 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയെന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനത്ത് നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; പാലിൽ മായം കലർത്തിയതിന് കുറ്റക്കാരായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ കണ്ടെത്തിയവരെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കോവിഡ് ദുരിതകാലയളവിൽ പാൽ ശേഖരണം വെട്ടിക്കുറച്ച മിൽമയുടെ നടപടി പരിഹരിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിരുന്നോ;

(ഡി) എങ്കിൽ ആയതു പരിഹരിക്കാനും ക്ഷീര കർഷകരുടെ പാൽ മുഴുവനും ശേഖരിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

**<u>ക്ഷീര കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>**

1351 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരകർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളിൽ ചേരുന്നതിന് തടസ്സമുണ്ടോ;

(സി) ക്ഷീരകർഷകരുടെ നിലവിലുള്ള പെൻഷൻ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ</u>**

1352 **ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ പ്രാധാന്യമുള്ളതുമായ പാലുല്പാദന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ക്ഷീരകർഷകർക്ക് നൽകിവരുന്ന പെൻഷൻ തുകയെത്രയെന്നും അതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; പെൻഷൻ ഫണ്ടിലേക്കുള്ള വിഭവ സമാഹരണം എങ്ങനെയാണ്; കോവിഡ് പാശ്ചാത്തലത്തിൽ ഇവർക്കായി പ്രത്യേക സഹായ പദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദമാക്കാമോ;

(സി) യുവാക്കൾക്കും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങാനിടയായ പ്രവാസികൾക്കും ഉൾപ്പെടെ ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പരിപാടിയുണ്ടോ; കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>സമീകൃത കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും</u>**

1353 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റകൾ സ്ഥിരമായി വിതരണം നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) സമീകൃത കാലിത്തീറ്റയുടെയും ധാതുലവണ മിശ്രിതത്തിന്റെയും ഉത്പാദന-വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ഉത്പാദനം, വിപണനം, വിറ്റുവരവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>കാലിത്തീറ്റക്ഷാമം പരിഹരിക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനും നടപടി</u>**

1354 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ആന്റണി ജോൺ**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ക്ഷീരകർഷകർക്കും തൊഴിലാളികൾക്കും ഗുണകരമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനുമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കാലിത്തീറ്റ വിതരണത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) പഞ്ചായത്തുകൾ തോറും വിതരണത്തിനുള്ള കാലിത്തീറ്റ തടസ്സമില്ലാതെ എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

## മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും

1355 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൃഗശാലകളുടെ പൊതുവായ സ്ഥിതിഗതികൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്ന പരിശോധന, യഥാസമയം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) 2020-ന് ശേഷം വിവിധ മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ ഉണ്ടായിട്ടുള്ള രോഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മൃഗശാല ജീവനക്കാരന്റെ മരണം

1356 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരനായിരുന്ന കാട്ടാക്കട സ്വദേശി ഹർഷാദ് രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത സംഭവത്തിനുശേഷം സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വന്യജീവികൾക്ക് ഭക്ഷണം നൽകുമ്പോൾ രണ്ട് പേർ ഉണ്ടാകണം എന്ന മൃസിയം പ്രോട്ടോക്കോൾ പാലിക്കാതിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച വ്യക്തിക്ക് ആവശ്യമായ കൈയ്യുറകളോ ബൂട്ടുകളോ ഉണ്ടായിരുന്നില്ല എന്നും പ്രസ്തുത പ്രദേശത്ത് സി.സി.ടി.വി. കൾ പ്രവർത്തിച്ചിരുന്നില്ല എന്നുമുള്ള ആക്ഷേപം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## മൃഗശാലകളിലെ സുരക്ഷാസംവിധാനങ്ങൾ

1357 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ഒരു ജീവനക്കാരൻ മരിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൃഗശാലകളിൽ ഒരുക്കിയിട്ടുള്ളതും സജ്ജമാക്കുന്നതുമായ സുരക്ഷാസംവിധാനങ്ങൾ വെളിപ്പെടുത്തുമോ;

(സി) മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## മൃഗശാല ജീവനക്കാരുടെ സുരക്ഷ

1358 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നിവ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ജീവനക്കാർക്ക് പകർച്ച വ്യാധികൾ പിടിപെടുകയോ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയോ ചെയ്താൽ സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ;

(സി) 2019- 2021 കാലയളവിൽ സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിനിടയിൽ ജീവാപായം സംഭവിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകുമോ;

(ഡി) ഇപ്രകാരം ജീവാപായം സംഭവിച്ച ജീവനക്കാരുടെ കുടുംബത്തിന് നിലവിൽ നൽകി

വരുന്ന നഷ്ടപരിഹാരം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം</u>**

1359 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം പൂർത്തിയായോയെന്നറിയിക്കാമോ;

(ബി) പരിശീലനത്തിന് പോകുന്ന വെറ്ററിനറി ഡോക്ടർമാർക്ക് പകരം അധിക ചുമതല നൽകുന്ന ഡോക്ടർമാർക്ക് തൃപ്തികരമായ സേവനം നൽകാൻ സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ അധികമുള്ള പ്രദേശങ്ങളിൽ ഇത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].